FOR PRIVATE CIRCULATION ONLY

അക്ഷരം ആത്മരക്ഷയ്ക്ക്

# ദി സോൾ വിന്നർ

THE SOUL WINNER • • • FULLFILLING THE GREAT COMMISSION

VOLUME 11 • ISSUE 4 JANUARY 2024

## അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ





**പറന്തൽ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ പത്തനംതിട്ട ജില്ലയിലെ പറന്തലിൽ വച്ച് ജനുവരി 29 മുതൽ ഫെബ്രുവരി 4 വരെ നടത്തപ്പെടും. ലോകത്തിലെ ഏറ്റവും വലിയ പെന്തക്കോസ്തു സഭയായ അസംബ്ലീസ് ഓഫ് ഗോഡിന്റെ ഭാഗമായ മലയാളം ഡിസ്ട്രിക്റ്റും കേരളത്തിലെ വലിയതും പഴയതുമായ ഒരു പെന്തകോസ്തു സഭാ പ്രസ്ഥാനമാണ്. കൊല്ലം ജില്ലയിലെ പുനലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഭയക്ക് കൺവൻഷനിൽ പങ്കെടുക്കുന്ന ആളുകൾക്ക് സ്ഥല പരിമിതി ഉണ്ടായിരുന്ന കാരണത്താലാണ് മുൻ സൂപ്രണ്ട് പാസ്റ്റർ പി എസ് ഫിലിപ്പിന്റെ കാലയളവിൽ പറന്തലിൽ കൺവൻഷനായി സ്ഥലം വാങ്ങിയത്. എം സി റോഡിനരികിലെ ഗ്രൗണ്ടിലാണ് കഴിഞ്ഞ ചില വർഷങ്ങളായി കൺവൻഷൻ നടന്നു വരുന്നത്. 29 ന് ഡിസ്ട്രിക്റ്റ് സൂപ്രണ്ട് റവ റ്റി ജെ ശമുവേൽ ഉദ്ഘാടനം ചെയ്യും. സഭയുടെ സെക്രട്ടറി ഡോ ഐസക് വി മാത്യു, റവ കെ ജെ മാത്യു ഉൾപ്പടെയുള്ള ദൈവദാസന്മാർ മറ്റ് ദിവസങ്ങളിൽ വചനം സംസാരിക്കും. ത്രിശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകൾ ഉൾപ്പെടുന്നതാണ് മലയാളം ഡിസ്ട്രിറ്റ്. പാസ്റ്റ്ഴ്സ് മീറ്റിംഗ്, സൺഡേ സ്കൂൾ, സഹോദരി, യുവജനം, മീഡിയ, ഇവാഞ്ചലിസം എന്നീ പുത്രിക സംഘടനകളുടെ വാർഷികങ്ങളും നടക്കും. സമാപന ദിവസം സംയുക്ത ആരാധനയോടും തിരുവത്താഴത്തോടും യോഗങ്ങൾ സമാപിക്കും. ഏ ജി കയർ ഗാനങ്ങൾ ആലപിക്കും.

## യേശു സ്ത്രീകളോട് മാന്യമായി പെരുമാറിയ വ്യക്തി: ഷൈലജ ടീച്ചർ



**കണ്ണൂർ:** യേശു സ്ത്രീകളോട് മാന്യമായി പെരുമാറിയ വ്യക്തിയായിരുന്നു എന്ന് പ്രമുഖ കമ്മ്യൂണിസ്റ്റ് വനിതാ നേതാവും ഒന്നാം പിണറായി സർക്കാരിലെ ആരോഗ്യ ശിശുക്ഷേമ വകുപ്പ് മന്ത്രിയായിരുന്ന ശ്രീമതി കെ കെ ശൈലജ ടീച്ചർ. വ്യഭിചാര കുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ ന്യായപ്രമാണപ്രകാരം കല്ലെറിഞ്ഞ് കൊല്ലുവാൻ ജനകൂട്ടം പാഞ്ഞ് അടുക്കുമ്പോൾ യേശു അവരെ തടസ്സപ്പെടുത്തി. ഇവർക്ക് സ്വയം വ്യഭിചാരിയാകാൻ കഴിയില്ലല്ലോ? മറുവശത്ത് ഒരു പുരുഷനും ഉണ്ടാകുമല്ലോ. അതുകൊണ്ട് നിങ്ങളിൽ പാപം ഇല്ലാത്തവൻ ഇവളെ കല്ലെറിയട്ടെ എന്ന് പറഞ്ഞതിലൂടെ ആൾക്കൂട്ട കൊലപാതകത്തിൽ നിന്നും യേശു ആ സ്ത്രീയെ രക്ഷപ്പെടുത്തി. യേശു വളരെ സൗമ്യമായി തന്റെ തെറ്റുകളെ തിരുത്തിക്കുകയും കൊലപാതകികളെ വളരെ ബുദ്ധിപരമായി പിൻതിരിപ്പിക്കുകയും ചെയ്തു. അവർ പങ്കെടുത്ത് സംസാരിച്ച ഒരു യോഗത്തിന്റെ ക്ലിപ്പ് സമൂഹത്തിൽ വളരെ വൈറലാകുയും ചെയ്തു.

## ഐക്യം അനിവാര്യം: പാസ്റ്റർ ജേക്കബ് ജോൺ



**തിരുവല്ല:** പെന്തകോസ്ത് ഐക്യം കാലഘട്ടത്തിൽ അനിവാര്യമെന്ന് പാസ്റ്റർ ജേക്കബ് ജോൺ. തിരുവല്ലയിൽ ഐക്യ പെന്തകോസ്ത് കൺവെൻഷൻ (ഉണർവ് 24) ആദ്യ ദിനം യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒന്നാം നൂറ്റാണ്ടിൽ മർക്കൊസിന്റെ മാളിക മുറിയിൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ശിഷ്യന്മാർ വൻകാര്യങ്ങൾ ചെയ്തു.

അവർ ഒരുമനപെട്ട് പ്രാർത്ഥിച്ച് അത്ഭുതങ്ങൾ നടന്നു. കാലഘട്ടങ്ങൾ മുന്നോട്ട് പോയി. 1902 യിൽ ഭാരതത്തിൽ ആദ്യത്തെ ഉണർവ് ആരംഭിച്ചു. പെന്തകോസ്ത് സഭകൾ 100 വർഷം പിന്നിട്ട വേളയിൽ ഒന്നിച്ചുനിന്നു പരിശുദ്ധാവ് പ്രവർത്തിച്ചാൽ ദൈവം ദേശത്ത് വലിയ ഉണർവ് അയയ്ക്കുമെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു.പാസ്റ്റർ ജെ. ജോസഫ് അധ്യക്ഷത് വഹിച്ചു. പാസ്റ്റർമാരായ ആർ. ഏബ്രഹാം, കെ.സി ജോൺ, ഒ.എം രാജുക്കുട്ടി, ഫ്രാൻസിസ് ആന്റണി, തോമസ്, റോയി പുവക്കാല, കുര്യൻ പി, വൈ ജോൺസൺ (ജനറൽ ജോയിന്റ് കൺവിനർ), ബ്രദർ ഗ്ലാഡ്സൺ ജേക്കബ് (ജനറൽ കൺവിനർ), സജി പോൾ (ഫിനാൻസ് കൺവീനർ), ബാബു പറയത്തു കാട്ടിൽ എന്നിവർ പ്രസംഗിച്ചു. ഷെൽഡൻ ബംഗാരയുടെ (മുംബൈ) നേതൃത്വത്തിൽ സംഗിത വിരുന്നും, 101 അംഗഗായകസംഘത്തിന്റ നേതൃത്വത്തിൽ ഗാന ശുശ്രൂഷയും ഉണ്ടായിരുന്നു.

## വികസന യത്രയിൽ ക്രിസ്തു ഒരു വഴികാട്ടി: പ്രധാനമന്ത്രി



**ന്യൂഡൽഹി:** ക്രിസ്തുദേവൻ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും നീതിക്ക് വേണ്ടി പ്രവർത്തിച്ചിരുന്നു എന്ന് ഇന്ത്യൻ പ്രധാനമന്ത്രി. 2023 ക്രിസ്മസ് ദിനത്തിൽ പ്രധാനമന്ത്രിയുടെ വസതിയിൽ രാജ്യത്തെ പ്രമുഖ സഭാഅദ്ധ്യക്ഷൻമാർക്കും നേതാക്കൾക്കും ഒരുക്കിയ ക്രിസ്മസ് വിരുന്നിൽ സന്ദേശം അറിയിക്കുകയായിരുന്നു പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി. ക്രിസ്തുവിന്റെ സന്ദേശം അനുകമ്പയിലും സേവനത്തിലും കേന്ദ്രീകൃതമാണെന്നും എല്ലാവർക്കും നീതി ലഭിക്കുന്ന ഒരു സമൂഹത്തിന് വേണ്ടിയാണ് അദ്ദേഹം പ്രവർത്തിച്ചതെന്നും മോദി പറഞ്ഞു. ഈ മൂല്യങ്ങൾ തന്റെ ഗവൺമെന്റിന്റെ വികസന യാത്രയിൽ ഒരു വഴികാട്ടിയായി വർത്തിക്കുന്നു, ഹിന്ദി തത്ത്വചിന്തയുടെ ഉറവിടമായി കണക്കാക്കപ്പെടുന്ന ഉപനിഷത്തുകളും ബൈബിളിനെപ്പോലെ പരമമായ സത്യം തിരിച്ചറിയുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

## ക്രിസ്തീയത നഷ്ടപ്പെട്ടാൽ തകരും; എലോൺ മസ്ക്



**വാഷിംഗ്ടൺ ഡിസി:** ക്രൈസ്തവ വിശ്വാസമില്ലാത്ത പാശ്ചാത്യ ലോകം നശിക്കുമെന്ന പ്രസ്താവനയോട് യോജിക്കുന്നതായി ലോകത്തെ ഏറ്റവും വലിയ സമ്പന്നനും സ്പേസ് എക്സ് സിഇഒയുമായ എലോൺ മസ്ക്. ടിറ്ററിൽ (എക്സ്) 1.1 ദശലക്ഷം അനുയായികളുള്ള സുബി എന്നറിയപ്പെടുന്ന ബ്രിട്ടീഷ് റാപ്പർ, ൻസുബേ ഒലിസെബുക്ക ഉടെസു പങ്കുവെച്ച കുറിപ്പിനോടാണ് എലോൺ മസ്ക് യോജിക്കുന്നതായി കുറിച്ചത്.

‘‘ഞാൻ ഇത് പരസ്യമായും നേരിട്ടും പറഞ്ഞിട്ടില്ലെന്ന് കരുതുന്നു, പക്ഷേ ക്രിസ്തീയത നഷ്ടപ്പെട്ടാൽ പാശ്ചാത്യ ലോകം തകർന്നുവെന്ന് ഞാൻ കരുതുന്നു. ഇത് പൂർണ്ണമായി വിശദീകരിക്കുന്നതിന് ഒരു മുഴുവൻ പുസ്തകം ആവശ്യമാണ്. എന്നാൽ വർഷങ്ങളായി ഞാൻ അതിനെക്കുറിച്ച് വളരെയധികം ചിന്തിച്ച് ഈ നിഗമനത്തിലെത്തി. ഇത് ഒരു കെട്ടിടത്തിന്റെ അടിത്തറ നീക്കം ചെയ്യുന്നതുപോലെയാണ്. പക്ഷേ അത് എന്നെന്നേക്കുമായി നിലനിൽക്കുമെന്ന് അഭിമാനത്തോടെ പ്രതീക്ഷിക്കുന്നു. എല്ലായ്പ്പോഴും അകത്തും പുറത്തുമുള്ള ശത്രുക്കൾ തകർക്കാൻ ശ്രമിക്കുന്നു’’.- ഇതായിരിന്നു ബ്രിട്ടീഷ് റാപ്പർ ൻസുബേ ‘‘എക്സി’’ൽ കുറിച്ചത്.

വൈകാതെ ട്വീറ്റിന്, ട്വിറ്ററിന്റെ ഉടമ കൂടിയായ എലോൺ മസ്ക് പറഞ്ഞത് ശരിയാണെന്ന കമൻറ് നൽകുകയായിരിന്നു. 1.7 ദശലക്ഷം വ്യൂസും 28000 ലൈക്കുകളും ലഭിച്ച ഉടെസുവിന്റെ ട്വീറ്റ് വലിയ ചർച്ചയായിട്ടുണ്ട്. മസ്കിൻറെ കമൻറിന് ‘‘ആമേൻ’’ എന്ന് ഉടെസു മറുപടി നൽകിയിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. കഴിഞ്ഞ ജൂണിൽ റിയൽ ടോക്ക് വിത്ത് സുബി പോഡ്കാസ്റ്റിൽ മസ്കുമായി അഭിമുഖം നടത്തിയിരിന്നു

## കൊഹാട്ട് ക്ലാസ് ജൂലൈയിൽ

**ഇൻഡോർ:** കൊഹാട്ട് ക്ലാസുകൾ ജൂലൈ മാസത്തിൽ നടക്കും. സോൾ വിന്നേഴ്സ് ഇൻഡ്യാ ഫൗണ്ടേഷന്റെ ദൈവ വചന പഠന വേദിയാണ് ബെഥേൽ ബൈബിൾ സെമിനാരി. ദൈവ വചന പഠനം പൂർത്തിയാക്കുവാൻ കഴിയാത്തവർക്കും, ഉപരിപഠനം ചെയ്യേണ്ടവർക്കും സെമിനാരിയുടെ കീഴിൽ കഴിഞ്ഞ ഒരു വ്യാഴവട്ടമായി നടത്തിവരുന്ന ഒരു പഠനമാണ് കൊഹാട്ട് ക്ലാസുകൾ. ഇത് ഒരു വിദൂര വിദ്യാഭ്യാസ പരിപാടിയാണ്. എല്ലാ വർഷവും പത്ത് ദിവസം വീതം നീണ്ട് നിൽക്കുന്ന 3 സെമിനാറുകളാണ് പഠന രീതി. പഠനത്തോടൊപ്പം അസൈയ്മെന്റുകളും സമർപ്പിക്കേണ്ടതാണ്. ഇംഗ്ലീഷ്, ഹിന്ദി മാധ്യമങ്ങളിലാണ് പഠനം നടക്കുക.

# THE WORLD AND THE WORD

A WORD FROM THE PRESIDENT



BRO. DANIEL EASO

*"Whoever believes in him is not condemned, but whoever does not believe stands condemned already because they have not believed in the name of God's one and only Son. This is the verdict: Light has come into the world, but people loved darkness instead of light because their deeds were evil. Everyone who does evil hates the light and will not come into the light for fear that their deeds will be exposed. But whoever lives by the truth comes into the light, so that it may be seen plainly that what they have done has been done in the sight of God." (John 3:18-21).*

John is writing these verses as an old man, who had been there and seen this. He was there when Jesus began His public ministry. He was one of Jesus' original disciples and he is the last surviving disciple, all the others had been martyred for their faith, and yet John alone remains. It wasn't because they didn't try to kill him but because Emperor Domitian had John lowered into a cauldron of boiling oil to be executed, except that he didn't die. So, instead, he banished him to the island of Patmos, and it was on that island that he was given the revelation of the Apocalypse which is the last book of the Bible. John also wrote three other books- he wrote 1st John, 2nd John, and 3rd John. John is an old man looking back on his life with Jesus, looking back on his experiences, having gone through the highs and the lows of what life and leadership brings, and what faith brings. He has seen the resurrection, but he also saw the crucifixion. He saw his friends killed for their faith, but he also saw the church explode. And as he is undoubtedly preparing for his own death, he is writing these verses to us because he doesn't want anything to be lost. He knows that Matthew, Mark, and Luke are already there, and he knows that these epistles are already there. But John has this unique perspective because Scripture tells us that John had a special place in Jesus' heart. We know that he was the youngest disciple, so Jesus took Him under His wings and shepherded him, brought him to faith, and nurtured him. John refers to himself in his gospel, not by name but he refers to himself as the disciple whom Jesus loved. So now John writes these verses in John chapter 1:6-13, not of himself but about another John- John the Baptist, "There was a man sent from God whose name was John. He came as a witness to testify concerning that light so that through him all might believe. He himself was not the light; he came only as a witness to the light. The true light that gives light to everyone was coming into the world. He was in the world, and though the world was made through him, the world did not recognize him. He came to His own, and those who were His own did not receive Him. Yet to all who did receive him, to those who believed in his name, he gave the right to become children of God- children born not of natural descent, nor of human decision or a husband's will, but born of God."

Here in verse 7, we see the reason why John writes. He is not writing just to give historical information or background; he is writing with an agenda and his agenda is that all might believe. That's why he is telling these stories. He wants you to believe in Jesus. Verse 9-10 says, "The true light that gives light to everyone was coming into the world. He was in the world, and though the world was made through him, the world did not recognize him." Why wouldn't the world recognize Him? What does John mean when he says that the world didn't recognize Him? You could add to that and say that the world doesn't recognize Jesus. John is speaking about the systems of this world and many ways the humans of this world. It's interesting because the others recognize Jesus, the demons, the wind, the waves, and the dead recognize Jesus. Everywhere Jesus interacted with demons they instantly knew who He was. But why doesn't and didn't the world recognize Jesus?

In John 3:18-21, he recounts this conversation that Jesus has with a religious leader named Nicodemus, who came to talk to Jesus about these things. But he came at night because he was afraid and Jesus shares the answer with him, "Whoever believes in him is not condemned, but whoever does not believe stands condemned already because they have not believed in the name of God's one and only Son. This is the verdict: Light has come into the world, but people loved darkness instead of light because their deeds were evil. Everyone who does evil hates the light and will not come into the light for fear that their deeds will be exposed. But whoever lives by the truth comes into the light, so that it may be seen plainly that what they have done has been done in the sight of God." The issue that why people don't recognize Jesus has nothing to do with lack of information. It's not because people don't believe in God. Because the fact is most people do. Despite the secularization of our society and culture, over 90% of people will tell you if you ask them that they believe in God. But why do so many people fail to recognize Jesus? It's not because we don't know, it's because we have a desire to not follow Jesus. It's an issue of not submitting our lives to God, not an issue of not knowing enough. We know things all the time. It doesn't necessarily mean that we obey them. Cigarette packs have warnings all over and yet many don't follow them. You make the choices based on the information you have and sometimes even though you were given the correct information you still do what's wrong. It's called being human beings, it's called sin. And what Jesus was saying is this, the reason why people stay in their darkness is because they love it. They don't want to come out. They have chosen darkness over light. Not because they are unaware, but it says because they love the darkness more than light. That's why people run away from God.

Jesus and sin are like light and darkness and the two do not mix. But oftentimes we try to mix it. We want to have the light of Christ available to us when we want to see something or when we want to feel its warm, or when we want something revealed to us, or when we need to be comforted or nurtured, then we want the light of Christ but the minute that light of Christ shines on that darkness in our heart that we love more, we want to shut it down. We want to protect it, we want to say don't talk about that issue, don't speak about those things, don't press in on my life like that. Because we want to hide it, we want to protect it, we want to keep it away. And what John's gospel is saying is that's not real faith. That's not what it means to have the light shine on you. John writes these verses later in his life in 1 John 3:6, "No one who abides in him keeps on sinning; no one who keeps on sinning has either seen him or known him." Then he also writes in 1 John 5:18, "We know that anyone born of God does not continue to sin; the One who was born of God keeps them safe, and the evil one cannot harm them." We see that the Gospel calls you out of your sin. It calls you out of your darkness because you can't have it both ways. Just like you can't be soaked in wet and dry at the same time, you can't be married and single at the same time, and you can't be Christian and Atheist at the same time.

Jesus loves you enough to shine that light on you and to call you into it. That doesn't mean that you are going to live a perfect life, that doesn't mean you are never going to sin, that doesn't mean that all of a sudden now you don't do anything ever wrong. But what it does mean is this, it means that your heart desires to open yourself up to God in every way. And that when God shines His light on some part of your life that you expose to Him, you walk out of that lifestyle. That's what it means. But it's hard sometimes when you are in darkness to be able to do that. Talk to anybody who has ever been through addiction problems, and they will tell you it's like when you are in that darkness, it's like you can't breathe, you can't move, it's like you can't see your way through it. That's why He shines that light on us. So, ask yourself, is that me? Do I let God's light shine on all parts of my life, or do I keep it hidden? It's time to start learning to love the light more than our darkness but that's difficult if you have been a person who is hidden there for a long time. When you are hidden, it's kind of feeling safe, you feel like no one can see you, no one can touch you, but we read earlier that God sees everything. You are not safe, you are not hidden, you are not protected. You are exposed, you are on your own. So, come into the light.

John 1:11 says, "He came to His own, and those who were His own did not receive Him." Why? Probably, because Jews had unmet expectations of Jesus. Their expectations of what Jesus was going to do for them were sorely unmet. How about you? Do you have expectations of what Jesus is supposed to do for you that are unmet? We probably all do it at some level because we still hold on to this idea somehow in our mind that if we do what we are supposed to do, things are always going to work out in the way we want them to. And if you become a Christian, and if God is on your side, then even more so. But it doesn't work that way. Remember, John was the only guy who made it to be an old man from his friends who lived with Jesus, who walked with Jesus, rest of them all got killed. Unmet expectations will destroy your faith faster than anything. So, the world doesn't receive Jesus because it loves the darkness better than light. The Jews don't receive Jesus because of unmet expectations.

Here is the good news. It says in verse 12, "Yet to all who did receive him, to those who believed in his name, he gave the right to become children of God." He gives the opportunity, and He gives the authority, and He gives the right to become children of God. He gives you the authority to step into that light. When your lifelong struggle with the addiction says- no you must stay here. When your battle with depression says- no you must stay here. When your shame over your past sin says- no you must stay here. When the pleasures of the world entice you away and say -we are way too strong for you, you must come to us. You say- no you don't, I have the authority in Jesus Christ, and I can step into the light because I am His son, or I am His daughter. You have that authority, you have that power, and He gives you the right to do so. These are His Words; your belief gives you these things. So, use them. Because when you do, what happens next is that you are born again. Born of God. Verse 13 says, "Children born not of natural descent, nor of human decision or a husband's will, but born of God." And this is Good News because this means that even if you are not a Jew, you can have Jesus. Even if you are not of a particular nationality, you can have Jesus. Because Jesus has come for all people. His light shines on you regardless of your nationality, your heritage, or whatever you have been through in your life. Jesus has come to shine the light on you. Have you opened your heart and let the light of God shine in on all of it? Are you ready to do that? Have you been protecting some darkness for whatever reason you are doing it? If you are protecting that darkness Jesus gives you the opportunity right now to just let it go and to let His light shine because it's better in the light.

*Jesus has come to shine the light on you. Have you opened your heart and let the light of God shine in on all of it? Are you ready to do that? Have you been protecting some darkness for whatever reason you are doing it? If you are protecting that darkness Jesus gives you the opportunity right now to just let it go and to let His light shine because it's better in the light.*

**താങ്കൾ ഒരു ക്രിസ്തു വിശ്വാസിയോ അല്ലാത്തതോ ആയ ഒരു വ്യക്തിയായി കൊള്ളട്ടെ. താങ്കളെ യേശുവിന് ആവശ്യമുണ്ട്. കാരണം തന്നിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും വേണ്ടിയാണ് യേശു മരിച്ചത്.**



പീരുമേട് ക്ലീറ്റസ്

# യേശുവിന് നിങ്ങളെയും ആവശ്യമുണ്ട്

പല കാരണങ്ങളാലും മറ്റുള്ളവരിൽ നിന്നും തിരസ്ക്കരണങ്ങളും ഒറ്റപ്പെടലും അനുഭവിക്കുന്നവരുടെ എണ്ണം വളരെ കൂടിവരികയാണ്. അതിന്റെ പ്രത്യക്ഷമായ തെളിവുകളാണ്  ചുറ്റുപാടുകളിൽ കാണുന്ന ആത്മഹത്യ, കൊലപാതകം, മദ്യപാനം, മയക്ക് മരുന്നിന്റെ ഉപയോഗം, ആശുപത്രികൾ, അനാഥാലയങ്ങൾ, റിട്രീറ്റ് സെന്ററുകൾ, കൗൺസിലിംങ് സെന്ററുകൾ. മുകൾ കുറിക്കപ്പെട്ട സേവന സ്ഥാപനങ്ങൾ പലതും കേവലം കച്ചവട താത്പര്യത്തോടെ നടത്തുന്നു എന്നുള്ളത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. മനുഷ്യൻ ഇന്ന് അനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും ഏറ്റവും ലളിതമായ പരിഹാരങ്ങൾ വിശുദ്ധ ബൈബിളിലൂടെ യേശു നിർദ്ദേശിക്കുന്നുണ്ട്. യേശുവിന് എല്ലാം വിഭാഗം ആളുകളെയും തന്നോട് ചേർത്ത് നിർത്താൻ കഴിയും. അതുകൊണ്ട് സർവ്വലോകത്തിന്റെയും പ്രതീക്ഷയും പ്രത്യാശയും യേശുവിലൂടെ സാധ്യമാണ്.

യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായത്തിന്റെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള വേദഭാഗങ്ങളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." "ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ". "അവനിൽ വിശ്വസിക്കുന്നവനു ന്യായവിധിയില്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു." ദൈവത്തിന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന 'ഏവനും' ഇതിൽ പേര് ചേർക്കപ്പെടാത്തവരായി ആരും തന്നെ ഇല്ല. പട്ടികയിൽ പേര് ചേർക്കാൻ ഒരു മാനദണ്ഡമാത്രമാണ്  ബൈബിൾ നിർദ്ദേശിക്കുന്നത് 'ദൈവപുത്രനായ യേശുവിൽ വിശ്വസിക്കുക' എന്നത് മാത്രമാണ്.

**രോഗികളെ...**

രോഗികളായവരെ യേശുവിന് ആവശ്യമുണ്ട്. ജന്മനാ രോഗം ബാധിച്ചവരെ കൂടാതെ കാല ക്രമേണയും ആകസ്മീകമായും രോഗം ബാധിക്കുന്നവരുണ്ട്. ഇന്ന് രോഗികളിൽ നല്ലൊരു ശതമാനം പേരും വീട്ടുകാർക്കും പൊതു സമൂഹത്തിനും ഒരു ബാദ്ധ്യതയായി തീരുന്നതും ഒരു നിത്യ സംഭവമായി തീരുകയാണ്.

ബെഥെസ്ഥാ കുളക്കായിൽ 38 വർഷമായി രോഗിയായിരുന്ന എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ഒരു രോഗിയുടെ അടുക്കൽ യേശു എത്തിയ ഒരു സംഭവകഥ യോഹന്നാന്റെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ കാണുവാൻ സാധിക്കും. ശരീരം തളർന്ന ഒരു അവസ്ഥയിൽ കിടക്കയോടെ കുളക്കരയിൽ ഉപേക്ഷിക്കപ്പെട്ടവനായാണ് ആ മനുഷ്യന് കാണപ്പെടുന്നത്. ആ രോഗിയെ, കിടക്ക എടുത്ത് നടക്ക തക്ക നിലയിൽ യേശു സൗഖ്യമാക്കി. ആ യേശുവിന് നിങ്ങളെയും സൗഖ്യമാക്കാൻ, 38 വർഷത്തിന് മുമ്പുള്ള ഒരു ആരോഗ്യാസ്ഥയിലെത്തിക്കാൻ യേശുവിന് കഴിയും. ഒരു പക്ഷെ താങ്കളും എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ഒരു വ്യക്തിയായിരിക്കാം. ഈ യേശു പനിപിടിച്ച പത്രോസിന്റെ അമ്മായിയമ്മയുടെ അടുക്കലും, യെരിഹോവിലെ കുരുടന്റെ അടുക്കലും, ചെകിടന്റെ അടുക്കലും, മുടന്തന്റെ അടുക്കലും, ശവമഞ്ചത്തിനരികിലും, നാല് നാളായി നാറ്റം വച്ച് കല്ലറയിൽ കിടന്ന ലാസറിന്റെ കല്ലറയിലും എത്തി. കാരണം യേശുവിന് അവരെ എല്ലാം യേശുവിനെ ആവശ്യമായിരുന്ന.

**വ്യഭിചാരിയെ ...**

യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായത്തിൽ വ്യഭിചാരിണിയായ സ്ത്രീയുടെ അടുക്കൽ എത്തിയ യേശുവിനെ കാണാം. രഹസ്യമായി അവളുടെ അടുക്കൽ പോയിട്ടുള്ളവർ പോലും ആ സ്ത്രീയെ വ്യഭിചാരിണി എന്ന് അക്ഷേപിക്കാനും മടിച്ച് കാണില്ല.  അതേ പോലെ തന്നെ യോഹന്നാന്റെ സുവിശേഷത്തിൽ തന്നെ എട്ടാം അദ്ധ്യായത്തിൽ വ്യഭിചാര കുറ്റത്തിൽ പിടിക്കപ്പെട്ട്, ന്യായപ്രമാണ പ്രകാരം കല്ലെറിയുവാൻ വന്ന മറ്റൊരു വ്യഭിചാരിണിയായ സ്ത്രീയേയും യേശു രക്ഷപ്പെടുത്തുകയും ചെയ്യുന്നത് കാണുവാൻ കഴിയും. എറിയപ്പെടേണ്ടവളെയും, എറിയാൻ വന്നവരെയും ഒരേ പോലെ കൈകാര്യം ചെയ്യുന്ന യേശുവിനെ കാണുവാൻ കഴിയും. രണ്ട് സ്ത്രീകളോടും അവരുടെ പാപങ്ങളെ കുറിച്ച് ബോധ്യം വരുത്തി മടക്കി അയക്കുന്നതും കാണാം. വചന വിരുദ്ധവും, അധാർമ്മികവുമായ ലൈംഗീക വേഴ്ച്ചകളെ യേശു കർശനമായ് കൈകാര്യം ചെയ്യുമ്പോൾ യേശു അവരോട് ക്ഷമിക്കുവാനും, അവരെ തന്നിലേക്ക് ചേർത്ത് നിർത്തുവാനും ഇട വന്നതു പോലെ ഏത് കടും ചുവപ്പുള്ള പാപിയേയും പാപവിമുക്തി നൽകി ചേർത്തു നിർത്തുവാൻ യേശുവിന് താത്പര്യമുണ്ട്.

**കള്ളനെ ...**

ക്രൂശിൽ കിടന്ന കള്ളന്റെ അടുക്കലും എത്തി. കള്ളൻ എന്ന് സംബോധന ചെയ്യുന്നത് മോഷ്ടാക്കളെയാണല്ലോ. സമൂഹത്തിൽ ഉള്ള കള്ളന്മാർ പലരും നല്ലവരായി ജീവിക്കണമെന്നും ആഗ്രഹമുള്ളവരുണ്ടാവാം. സാഹജര്യങ്ങൾ കള്ളന്മാരാക്കിയവരുണ്ടാകാം. ഈ വാസന ഉപേക്ഷിക്കപ്പെട്ടവരും  ഉണ്ടാകാം. പക്ഷെ തെറ്റുകൾ ഏറ്റ് പറയുവാനും, ഉപേക്ഷിക്കുവാനും തീരുമാനിച്ചാൽ ഏത് വലിയ കള്ളനെയും യേശു തന്നോട് ചേർത്ത് നിർത്തുവാൻ തയ്യാറുള്ളവനാണ്.

**ചുങ്കക്കാരനെ ...**

ലൂക്കോസിന്റെ സുവിശേഷം പത്തൊൻമ്പതാം അദ്ധ്യായത്തിൽ സാമ്പത്തിക ക്രമകേടും, കൈക്കൂലി വാങ്ങുന്നവനുമായ ഒരു വ്യക്തിയുടെ അടുക്കൽ യേശു എത്തിയതായ് കാണുന്നു. യേശുവുമായുള്ള സംഭാഷണത്തിൽ തന്റെ തെറ്റുകളെ ഏറ്റ് പറയുകയും ഉപേക്ഷിക്കുവാൻ തീരുമാനം എടുക്കുകയും ചെയ്തപ്പോൾ യേശു ആ സക്കായിയേയും തന്നോട് ചേർത്ത് നിർത്തി. ഇതേ പോലെ വിട്ടുമാറാത്ത ഏത് പാപത്തിൽ നിന്നും യേശുവുമായുള്ള സമ്പർക്കത്തിലൂടെ വിടുതൽ നേടാൻ കഴിയും.

**തള്ളിപ്പറഞ്ഞവനെ ...**

യോഹന്നാന്റെ സുവിശേഷം പതിനെട്ടാം അദ്ധ്യായത്തിൽ യേശുവിനെ തള്ളി പറഞ്ഞ പത്രോസിനെയും ചേർത്ത് നിർത്തുന്ന യേശുവിനെ കാണാം. കൂടെ മരിക്കാനും, യേശുവിനെ ശത്രു പക്ഷത്ത് നിർത്തിയവന്റെ കാതറുത്തവനും തന്നെ തള്ളി പറയുമെന്ന് മുൻകൂട്ടി തലേ ദിവസം പറഞ്ഞിട്ടും, അടുത്ത ദിവസം നേരം പുലരുന്നതിന് മുമ്പ് യേശുവിനെ പ്രാകുകയും തള്ളിപ്പറയുകയും ചെയ്ത പത്രോസിനെയും അവന്റെ പശ്ചാത്താപത്തിന് മുമ്പിൽ യേശു ചേർത്തു നിർത്തി. ആ യേശു നിങ്ങളെയും ചേർത്ത് നിർത്തുവാൻ മനസലിവും ദീർഘ ക്ഷമയുള്ളവനും ആണ്.

**കുഞ്ഞുങ്ങളെ ...**

അവൻ കൈ വച്ചു. പ്രാർത്ഥിക്കേണ്ടതിനു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാർ അവരെ വിലക്കി. യേശുവോ: "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; സ്വർഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" എന്നു പറഞ്ഞു. മത്തായി പത്തൊൻമ്പതിന്റെ പതിമൂന്ന് പതിനാല് വാക്യങ്ങൾ. യേശുവിന് ശിശുക്കളെയും ആവശ്യമുണ്ട്.

താങ്കൾ ഒരു ക്രിസ്തു വിശ്വാസിയോ അല്ലാത്തതോ ആയ ഒരു വ്യക്തിയായി കൊള്ളട്ടെ. താങ്കളെ യേശുവിന് ആവശ്യമുണ്ട്. കാരണം തന്നിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും വേണ്ടിയാണ് യേശു മരിച്ചത്.

# കാത്തിരുന്ന കണ്ണുകൾ

**വാഗ്ദത്ത നിവർത്തി കണ്ട, ശിമ്യോന്റെ ഹൃദയം**
**സന്തോഷത്താൽ നിറഞ്ഞു...**
**നയനങ്ങൾ ആനന്ദാശ്രു പൊഴിച്ചു...**
**കാലം എത്ര കഴിഞ്ഞാലും**
**ദൈവം പറഞ്ഞത് നിവർത്തിച്ചിരിക്കും.**

വീടും വീട്ടുകാരും ഉറങ്ങി, അകലെ... ആകാശത്തിന്റെ അറുതികളിൽ, നക്ഷത്രങ്ങൾ കണ്ണു ചിമ്മി... രാവേറെ ആയിരിക്കുന്നു. അയാൾക്ക് ഇനിയും ഉറങ്ങാൻ കഴിഞ്ഞിട്ടില്ല.

പഞ്ഞിക്കെട്ട് പോലെ, മൃദുലമായ താടി രോമങ്ങളിലൂടെ, അയാളുടെ വിറക്കുന്ന കൈ വിരലുകൾ, താളം പിടിച്ചു...

മങ്ങി തുടങ്ങിയ കണ്ണുകൾ, താരാപഥങ്ങൾക്കും അപ്പുറത്ത്, നിത്യ നിശബ്ദ ശൂന്യതയിൽ, എന്തോ തിരയുന്നത് പോലെ...?

ആയിരത്തിലധികം, പൂർണ്ണ ചന്ദ്രന്മാരെ കണ്ട കണ്ണുകളാണ്.

പിന്നിട്ട ജീവിതത്തിന്റെ വഴിയോരങ്ങളിൽ, വിസ്മയങ്ങൾ പലതും കണ്ടു.... പലതും കേട്ടു... അനുഭവിച്ചു... ആഗ്രഹിച്ചതെല്ലാം, കണ്ടു കൊതി തീർന്നോ...?

ഇല്ല... ഇല്ല...

ഒരാഗ്രഹം...! ഒന്നേയൊന്ന്..!

കണ്ണടയുന്നതിനു മുമ്പ്... മശിഹായേ, കൺകുളിർക്കെ ഒന്നു കാണണം. അതാണയാളുടെ ജീവിതാഭിലാഷം.

പോയി മറഞ്ഞ കാലങ്ങൾ മുഴുവനും, നീണ്ട കാത്തിരിപ്പായിരുന്നു....

വരാനിരിക്കുന്ന വിമോചകനെ, കാണാനുള്ള കാത്തിരിപ്പ്...

ജരാനരകൾ ബാധിച്ച, ആ പടു വൃദ്ധൻ, ഓർമ്മകളുടെ ഒപ്പം, വന്ന വഴിക്ക് തന്നെ, തിരിച്ചു നടന്നു...

തന്റെ നിറ യൗവ്വനത്തിൽ, ഇതു പോലൊരു നിശയിൽ... കാതുകളിൽ മുഴങ്ങിയ ദൈവശബ്ദം....

കണ്ണിന് മുന്നിൽ, കത്തി പടർന്ന ആത്മ സാന്നിദ്ധ്യം.

ചിന്തകൾക്ക് പരിവർത്തനത്തിന്റെ , പൊൻ ചിറകുകൾ പിടിപ്പിച്ച , മഹത്തായ വാഗ്ദത്തം...

ജെറുസലേമിലെ , അറിയപ്പെട്ട ശാസ്ത്രി കുടുംബമായിരുന്നു അയാളുടേത്..

സിന്നഗോഗ് പരിപാലനവും, ന്യായപ്രമാണ പ്രഭാഷണങ്ങളും, തിരുവെഴുത്തുകളുടെ പകർത്തിയെഴുത്തും, മറ്റുമായി, ഒരു തലമുറയുടെ ആത്മ നയനങ്ങളെ, മശിഹൈക പ്രതീക്ഷയിൽ പ്രശോഭിതം ആക്കുന്നതിന്, മുഖ്യ പങ്കു വഹിച്ചവരായിരുന്നു അവർ.

തോറായും, നെബീമും, കെതൂമും എല്ലാം, പാരായണം ചെയ്യുന്നതും, പകർത്തി എഴുതുന്നതും, കണ്ടു വളർന്ന ബാല്യം. ഒരുപിടി സംശയങ്ങളും ചുമന്നുകൊണ്ടാണ് അയാൾ കൗമാരം കടന്നത്. പിതാവിൽ നിന്നും പകർന്നു കിട്ടിയ, അറിവുകളും ആധികാരിക പഠനങ്ങൾക്കും ഒടുവിൽ, അയാളും ഒരു ന്യായ ശാസ്ത്രിയായി...

യെശയ്യാവിന്റെ പ്രവചന ചുരുളുകൾ വായിക്കുമ്പോഴെല്ലാം സംശയങ്ങൾ വീണ്ടും തലയുയർത്തും...

കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവന് ദൈവം നിങ്ങളോട് കൂടെ എന്നർത്ഥമുള്ള, ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും.

അസാദ്ധ്യമായ ഈ കാര്യം എങ്ങനെ സംഭവിക്കും. ? മശിഹായുടെ ജനനം ഈ വിധമായിരിക്കുമെന്ന്, വിശുദ്ധ ലിഖിതങ്ങളിൽ നിന്നും ഗ്രഹിച്ച, അയാളുടെ ചിന്തകൾക്ക് തീ പിടിച്ചു. ഉറക്കമില്ലാത്ത രാത്രികൾ...

ആഗ്രഹം, ആവേശത്തിലേയ്ക്കും, ആവശ്യം, ആത്യാവശ്യത്തിലേയ്ക്കും, മിഴി തുറന്ന ഒരു സന്ധ്യ... സൂര്യൻ, പാലസ്തീനയുടെ ആകാശത്തോട്, വിട പറഞ്ഞു കഴിഞ്ഞു. ഇരുൾ വാ പിളർന്നു വിഴുങ്ങി തുടങ്ങിയ, അവ്യക്തമായ വഴിത്തലയ്ക്കലേയ്ക്ക് നോക്കി അയാളിരുന്നു.

ആ രാത്രി ആ യുവാവിന് അസാധാരണവും, അവിസ്മരണീയവും ആയ രാത്രിയായിരുന്നു...

താരാഗണങ്ങൾക്ക് ഇടയിലൂടെ, മേഘ പടലങ്ങളെ വകഞ്ഞുമാറ്റി, ഉന്നതങ്ങളിൽ നിന്നും, ഒരു വിൺമ്മയരൂപി, നാവിൻ തുമ്പിൽ, സത്യ സന്ദേശത്തിന്റെ കനലുമായി, ആ പ്രാർത്ഥനാമനുഷ്യന്റെ വീട്ട് പടിക്കലെത്തി.

ശിമ്യോനെ... ശിമ്യോനെ...

ചിന്തയിലാണ്ടു പോയ , അയാൾ ഞെട്ടിയുണർന്നു, ശബ്ദം കേട്ട ഭാഗത്തേയ്ക്ക് നോക്കി... കണ്ണഞ്ചിപ്പിക്കുന്ന പ്രഭാവലയം... ത്വേജോരൂപനായ ഒരു വ്യക്തി തന്നെ നോക്കി കൊണ്ടു നിൽക്കുന്നു.

മാനത്തു നിന്നും, താരങ്ങളിൽ ഒന്നു, ഞെട്ടറ്റ് വീണതുപോലെയാണ്, അയാൾക്ക് ആദ്യം തോന്നിയത്...

ശിമ്യോനോടെ ദൂതൻ ദൂത് അറിയിച്ചു... നിന്റെ ആഗ്രഹവും, പ്രാർത്ഥനയും, ദൈവ സന്നിദ്ധിയിൽ എത്തിയിരിക്കുന്നു...

യുഗങ്ങളുടെ പ്രതീക്ഷയും, പ്രത്യാശയുമായ, കന്യകാ സൂനുവിനെ, നിന്റെ കണ്ണുകൾ കൊണ്ട് കാണാതെ, മൃത്യുവിന്റെ കറുത്ത കരങ്ങൾ നിന്നെ തൊടില്ല.

ദൂതൻ മറഞ്ഞു...

കേട്ട ദൂതും, കണ്ട ദൃശ്യവും, ശിമ്യോൻ ഹൃദയത്തിൽ സംഗ്രഹിച്ചു... പിന്നെ നീണ്ട കാത്തിരിപ്പായിരുന്നു.

മലാഖിക്കും. മത്തായിക്കും ഇടയിലുള്ള, നിശബ്ദ കാലഘട്ടം. ദൈവിക ഇടപെടലുകളൊന്നും ഇല്ലാതിരുന്ന, അന്ധകാര യുഗം.

കൂരിരുൾ മൂടിയ ലോകത്തിൽ, മിന്നാമിന്നുങ്ങിന്റെ നുറുങ്ങുവെട്ടം പോലെ, ചില ചെറു ദീപങ്ങൾ...

ദൈവം അങ്ങനെയാണ്. തന്റെ സൃഷ്ടിയെ, തീർത്തും ഇരുട്ടിലേയ്ക്ക് തള്ളി കളയാതെ... പ്രതീക്ഷയുടെ കൈ വിളക്കും ഏന്തി നിൽക്കുന്ന, ഒരു ന്യൂനപക്ഷം, എല്ലാ കാലത്തും, ദൈവത്തിന്റെ പ്രതിപുരുഷന്മാരായി, ഭൂമിയിൽ ഉണ്ടായിരിക്കും... സത്യാരാധനയ്ക്ക് സാക്ഷ്യം വഹിക്കുന്ന ഒരു ശേഷിപ്പ്...

ആദാമിൽ തുടങ്ങി, മറിയയിലും ജോസഫിലും എത്തി നിൽക്കുന്ന, വംശാവലി പട്ടിക, ചരിത്രത്തിൽ ഉടനീളം, വാഗ്ദത്ത നിവർത്തിക്ക് വേണ്ടിയുള്ള, ദൈവീക ഇടപെടലിന്റെ നേർചിത്രമാണ് അനാവരണം ചെയ്യുന്നത്...

പൗരാണിക ലോക സംഭവങ്ങൾ മുഴുവനും, കാല സംമ്പൂർണ്ണത എന്ന, സവിശേഷ സമയത്തോട്, അടുത്തു വന്നപ്പോൾ , അംഗുലിപരിമിതരായ വിശുദ്ധ സംഘം, ഒരു നിമിത്തം പോലെ ദൈവാലയത്തിൽ ഒത്തുകൂടി...

എല്ലാം നിയന്ത്രിക്കുന്ന അദൃശ്യ ശക്തി, അവരെ ഒരുമിപ്പിച്ചു., എന്ന് ചിന്തിക്കുന്നതായിരിക്കും കുറച്ചു കൂടെ ശരി.

ശിമ്യോൻ, പുരോഹിതനായ സഖര്യാവ്, ഹന്നാ, അങ്ങനെ ചിലർ...

ശിമ്യോൻ എല്ലാ ദിവസവും ദേവാലയത്തിൽ വരും...

വിശ്വാസത്തിൽ ക്ഷീണിച്ച ഘട്ടങ്ങളിലെല്ലാം, ഹന്നാപ്രവാചകിയുടെ വാക്കുകൾ, അയാളെ വീണ്ടും ധൈര്യപ്പെടുത്തി...

ദൈവം പറഞ്ഞത്, വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തി, പ്രതീക്ഷയോടെ കാത്തിരിക്കാൻ, ആത്മാവിന് പ്രചോദനമായി, നമ്മുടെ ജീവിത പരിസരങ്ങളിൽ തന്നെ, ചില കൂട്ടാളികളെ, ഒരുക്കി നിർത്തുന്നവനാണ് നമ്മുടെ ദൈവം. ഈ യാത്രയിൽ ആരും ഏകാകികൾ അല്ല, അങ്ങനെ ആകാൻ ത്രീയേകനായ ദൈവം ഒരിക്കലും അനുവധിക്കില്ല.

ഒരു വർഷം മുമ്പ്, ആത്മമിത്രമായ സഖരിയ്യാ പുരോഹിതന്, വിശുദ്ധ സ്ഥലത്ത് വച്ചുണ്ടായ അനുഭവവും, അതിനെ തുടർന്നു, ഊമനായി പോയ കാര്യങ്ങളും, ശിമ്യോനെ ഏറെ ചിന്തിപ്പിച്ചു...

വാർദ്ധകൃത്തിൽ അവന് ഒരു ആൺ കുഞ്ഞ് പിറന്നിട്ട് നാല് മാസം കഴിഞ്ഞിരിക്കുന്നു...

ഒരു പക്ഷേ അതായിരിക്കുമോ മശിഹാ...?

അല്ല... അവൻ മശിഹായിക്ക് വഴിയൊരുക്കുന്ന മുന്നോടിയാണ്. അന്തരാത്മാവിനോട്, ആരോ മന്ദ്രിക്കുന്നതു പോലെ അയാൾക്ക് തോന്നി...

ജെറുസലേമും, ജൂത ജനതയും റോമാക്കാരുടെ ആധിപത്യത്തിന് കഴിലായിട്ട്, വർഷം പലതു കഴിഞ്ഞിരിക്കുന്നു...

അയാളിന്ന് ഏറെ ക്ഷീണിതനാണ്. എങ്കിലും ദേവാലയത്തിൽ പോകാതിരിക്കാൻ ആവില്ല. ഒമ്പത് പതിറ്റാണ്ടിലേറെയായി തുടർന്നു വരുന്ന ദിനചര്യയാണത്... മുടക്കം വരിത്തിക്കൂടാ...

വാഗ്ദത്തം ലഭിച്ചവന്, വീട്ടിൽ ഒതുങ്ങി കൂടാൻ പറ്റില്ല, ആർക്കും ഒതുക്കാനും ഒക്കത്തില്ല...!

വേണ്ടപ്പെട്ട പലരും വിലക്കിനോക്കി... ആരുടേയും വാക്ക് കൂട്ടാകാതെ, ഊന്നുവടിയും കുത്തി പിടിച്ച്, ചിരപരിചിതമായ വഴിലൂടെ, ആൾക്കൂട്ടത്തിലൊരുവനായി, അയാളും ആലയത്തിലേയ്ക്ക് ചുവടുകൾ വച്ചു.

പ്രൗഢമായ ദേവാലയത്തിന്റെ പ്രധാന കവാടത്തിന് അരികിൽ, നിരയായി നിൽക്കുന്ന അത്തി വൃക്ഷങ്ങൾ, അതിന് അരികിലൂടെ കൽപ്പടവുകൾ... അതിലൊന്നിൽ അയാൾ തളർന്നിരുന്നു...

ആവർത്തന വിരസമായ, കാഴ്ച്ചകൾ കണ്ടു മടുത്ത, അയാളുടെ കണ്ണുകൾ, അപൂർവ്വമായത് എന്തോ തിരഞ്ഞു നടന്നു...

മനോഹരങ്ങളായ കല്ലുകൾ കൊണ്ട് പണിത ദേവാലയം... ശിരസ്സുയർത്തി നിൽക്കുന്ന സിംഹരാജനെ പോലെ, ഉദയ സൂര്യന്റെ ചെങ്കിരണങ്ങളേറ്റ്, പ്രഭ ചൊരിഞ്ഞു നിൽക്കുന്ന, തങ്ക താഴികക്കുടങ്ങൾ... കൊത്തുപണികൾ കൊണ്ട് അലംകൃതമായ ചുവരുകൾ...

നിരയൊപ്പിച്ചു നിൽക്കുന്ന പടുകൂറ്റൻ തൂണുകൾ... അതിപരിശുദ്ധ സ്ഥലം... വിശുദ്ധ സ്ഥലം... പ്രാകാരം... സ്ത്രീകളുടെ പ്രാകാരം... ജാതികളുടെ പ്രാകാരം... വിശാലമായ മുറ്റം...

കൂറിന്റെ ക്രമം അനുസരിച്ച്, ശുശ്രൂഷകൾക്ക് നിയോഗിക്കപ്പെട്ട, പതിനായിരത്തിൽ അധികം പുരോഹിതന്മാർ.

യാഗപീഠത്തിന്റെ പരിസരം, മൃഗ നിബിഢമാണ്. യാഗപീഠത്തിന് മുകളിൽ നിന്നും, സദാസമയവും തീയും പുകയും ഉയരുന്നു...

കല്ലുകൾ പാകിയ തറ മുഴുവനും, രക്തക്കറ പുരണ്ട് കറുത്തിരിക്കുന്നു... അടിമുടി, ചോരയിൽ കുളിച്ചു നിൽക്കുന്ന പുരോഹിതന്മാര്... തിരക്ക് കൂട്ടുന്ന ജനാവലി...

അന്ന് പതിവിലും തിരക്കുണ്ടായിരുന്നു...



**ബോവസ് പനമട**

തെളിഞ്ഞ ആകാശം... തലങ്ങും വിലങ്ങും നടന്നു നീങ്ങുന്ന, പരശതം ആളുകളെ നോക്കി ശിമ്യോൻ ഇരുന്നു...

പെട്ടന്ന്, അയാളുടെ നിറം മങ്ങി തുടങ്ങിയ കണ്ണുകൾ, ഒരു കാഴ്ച്ച കണ്ടു തിളങ്ങി...

മറ്റുള്ളവർക്ക് അത് സാധാരണ കാഴ്ച്ച ആയിരുന്നു... എന്നാൽ വാഗ്ദത്തം ഉള്ളവൻ, അതിലൊരു അസാധരണത്വം കണ്ടു... പതിറ്റാണ്ടുകൾക്ക് മുമ്പ് , താൻ കേട്ട ശബ്ദം, വീണ്ടും തന്റെ കാതുകളിൽ മുഴങ്ങി... പടിക്കെട്ടുകൾ കയറി വരുന്ന ജോസഫും മേരിയും... മറിയയുടെ കരങ്ങളിൽ, ശീലയിൽ പൊതിഞ്ഞ ശിശു...

ശിമ്യോന്റെ സിരകളിൽ ഒരു ഉണർവ്വ് പടർന്നു... ഊന്നുവടി വലിച്ചെറിഞ്ഞ് അയാൾ ഓടി...

മറിയയുടെ അടുത്ത് ചെന്ന്, ശിശുവിനെ ഒരു നിമിഷം നോക്കി നിന്നും... ശിശുവിനെ, തന്റെ ബലഹീനമായ കരങ്ങളിൽ ഏറ്റുവാങ്ങി...

ദൈവാലയത്തെക്കാളും വലിയവൻ... ശിമയോന്റെ കരങ്ങളിലിരുന്ന്, അയാളെ നോക്കി പുഞ്ചിരി തൂകി. അയാളുടെ അധരങ്ങൾ വിറച്ചു... കണ്ണുകളിൽ നനവ് പടർന്നു...

ഇപ്പോഴോ... നാഥ നീ അടിയനെ സമാധാത്തോടെ പറഞ്ഞയക്കുന്നു...

നീ സകല ജാതികൾക്കും വേണ്ടി ഒരുക്കിയ, നിന്റെ രക്ഷയെ, എന്റെ കണ്ണു കണ്ടുവല്ലോ....

ഹാ...! എത്ര ധന്യമായ വിടവാങ്ങൽ... ഹന്നായും അടുത്തു വന്ന് ദൈവത്തെ സ്തുതിച്ചു...

എല്ലാവരോടും യാത്ര പറഞ്ഞ് അയാൾ തിരിഞ്ഞു നടന്നു...

വാഗ്ദത്ത നിവർത്തി കണ്ട, ശിമ്യോന്റെ ഹൃദയം സന്തോഷത്താൽ നിറഞ്ഞു ... നയനങ്ങൾ ആനന്ദാശ്രു പൊഴിച്ചു... കാലം എത്ര കഴിഞ്ഞാലും ദൈവം പറഞ്ഞത് നിവർത്തിച്ചിരിക്കും.

കാത്തിരിപ്പിന് വിരാമം കുറിച്ച്, ലോക രക്ഷകനെ കാണാൻ ഭാഗ്യം ലഭിച്ച, അന്ന് രാത്രിയിൽ, ശിമ്യോൻ സമധാത്തോടെ ഉറങ്ങി. അപ്പോഴും അങ്ങകലെ ആകാശ മേലാപ്പിൽ താരകങ്ങൾ മിഴി തുറന്നു ചിരിക്കുന്നുണ്ടായിരുന്നു...

ഇരുളിലും അന്ധതമസിലും ഇരുന്നവരുടെ ഇടയിലേയ്ക്ക് ആ ചിരി ഇന്നും പടർന്നു കൊണ്ടേയിരിക്കുന്നു... പ്രതിസന്ധികളുടെ ഇടയിലും, രക്ഷകനെ കണ്ടവന്റെ, എല്ലാം മറന്നുള്ള നിറഞ്ഞ ചിരി...

# യേശു എന്ന നാമത്തിൽ എല്ലാമുണ്ട്!

യേശു എന്നല്ല, ''യേശുക്രിസ്തു'' എന്നു ഉപയോഗിക്കുന്നതാണ് കൂടുതൽ നല്ലതെന്നോ അല്ലെങ്കിൽ അങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്നോ അഭിപ്രായമുള്ളവരുണ്ട്.

മറ്റൊരു കൂട്ടർക്ക് ''ഈശോ മറിയം ഔസേപ്പ്'' എന്നു പറഞ്ഞാലേ ശരിയാകു. ബൈബിൾ പറയുന്നു, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് അവന് ''യേശു'' എന്നു പേർ ഇടേണം.

യേശു, ഈസൂസ്, യെഹോഷുവ, യെഷുവ, യോഷുവ എന്നിവയെല്ലാം ഒരേ അർത്ഥം ഉൾക്കൊള്ളുന്ന ഒരേ പേരിന്റെ വ്യത്യസ്ത ഉച്ചാരണങ്ങൾ മാത്രമാണ്. അതായത്,

അബ്രാഹാം, ഏബ്രഹാം, അവറാൻ, അവറാച്ചൻ എന്നൊക്കെ പറയുന്ന പോലെ...

മിശിഹാ (Hebrew) അഥവാ ക്രിസ്റ്റോസ് (Greek) എന്നത് യെഹൂദാ സമൂഹത്തിന്റെ മത പശ്ചാത്തലവും പ്രവചന നിവൃത്തികളുമായി ബന്ധപ്പെട്ട ഒരു പ്രയോഗമാണ്. അഭിഷിക്തൻ എന്നാണർത്ഥം. ഒരു പ്രത്യേക ദൗത്യത്തിനായി വേർതിരിക്കപ്പെട്ട വ്യക്തി എന്നു ലളിതമായി വ്യാഖ്യാനിക്കാം. പഴയ നിയമ കാലങ്ങളിൽ പുരോഹിതനും പ്രവാചകനും രാജാവുമെല്ലാം അഭിഷിക്തരായിരുന്നു. പറഞ്ഞു വന്നത്, യെഹൂദനൊഴികെയുള്ള ജന സമൂഹത്തോട് രക്ഷയുടെ സന്ദേശം പ്രസംഗിക്കുമ്പോൾ ''യേശു'' എന്നു മാത്രം പ്രയോഗിക്കുന്നതിൽ ഒരു പോരായ്മയുമില്ല. യേശു എന്ന പേരിൽ രക്ഷകൻ എന്ന പൂർണ്ണ അർത്ഥം ഉൾക്കൊള്ളുന്നു.

വാസ്തവത്തിൽ 'യേശു' എന്ന ലളിതമായ പേരിൽ മാനവ കുലത്തിന്റെ സകല പ്രശ്നങ്ങൾക്കും പരിഹാരകനായ രക്ഷകൻ എന്ന സാർവ്വ ലൗകിക മാനം പൂർണ്ണമായും ഉൾക്കൊണ്ടിരിക്കെ, മുൻപിലും പുറകിലും എന്തെങ്കിലും ഒക്കെ ഉണ്ടെങ്കിലേ വല്ലതും നടക്കൂ എന്ന ചിന്ത അപക്വമാണ്.

'യേശു' എന്ന നാമത്തിൽ എല്ലാമുണ്ട്! ഒരു കൂട്ടിച്ചേർക്കലുമില്ലെങ്കിലും ആ നാമത്തിൽ സുവിശേഷത്തിന്റെ അന്തസത്ത മുഴുവൻ ഉൾക്കൊണ്ടിട്ടുണ്ട്. ലോകത്തിന്റെ ആത്യന്തികആവശ്യം രക്ഷയാണ് എങ്കിൽ യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ്.

യെഹൂദന് യേശുവിനെ പരിചയപ്പെടുത്തുമ്പോൾ മനസ്സിലാകാൻ വേണ്ടി, ക്രിസ്തേശു എന്നോ യേശു ക്രിസ്തു എന്നോ ഉപയോഗിച്ചു. നമുക്കും പഴയ നിയമം നല്ല വശമായതുകൊണ്ട് അങ്ങനെ തന്നെ ഉപയോഗിക്കാവുന്നതാണ്.



**അനീഷ് കൊല്ലംക്കോട്**

അതേസമയം, രക്ഷാ സന്ദേശത്തിലൂടെ പൊതു സമൂഹത്തെ അഭിസംബോധന ചെയ്യുമ്പോൾ രക്ഷകനെ പരിചയപ്പെടുത്തേണ്ടി വരുന്നിടങ്ങളിൽ 'യേശു'എന്ന നാമം തന്നെ ധാരാളമാണ്. ഏച്ചു കെട്ടലുകളും മറ്റ് അൽട്രേഷൻ വർക്കുകളും ഒന്നും ഇല്ലെങ്കിലും ആ പേര് അതിൽ തന്നെ പൂർണ്ണമാണ്.

'യേശു' എന്ന അങ്ങേയറ്റം ലളിതമായ പേരിൽ സർവ്വ ലോക രക്ഷകൻ എന്ന വിശേഷണം ഉൾക്കൊള്ളുന്നെങ്കിൽ പിന്നെ അനാവശ്യ വച്ചു കെട്ടലുകൾ എന്തിനാണെന്നേ!

ഒന്നാം നൂറ്റാണ്ടിൽ യേശു എന്ന നാമം അനേകർക്ക് ഉണ്ടായിരുന്നതിനാൽ യഹൂദന്മാരോട് പ്രസംഗിക്കുമ്പോൾ ആ പേരിന് മുന്നിൽ അഭിഷിക്തൻ എന്നർത്ഥമുള്ള മശിഹ അഥവാ ക്രിസ്തു എന്ന ദൈവീക അംഗീകാരം കൂടി ചേർത്ത് ഉപയോഗിച്ചു.

അതേസമയം, ജാതികൾക്കിടയിൽ അത്ഭുതങ്ങളും വീര്യ പ്രവർത്തികളും യേശുവിന്റെ നാമത്തിൽ നടന്നു. പേരിനു മുന്നിൽ നസ്രായൻ എന്ന സ്ഥല സൂചന മാത്രം മതിയായിരുന്നു യേശുവിനെ തിരിച്ചറിയാൻ. യേശുവിനെ ഉയർത്താൻ Rev., Dr., Pr., Evg., ഒന്നും വേണ്ടായിരുന്നു.

നസ്രായനായ യേശു! അതിൽ എല്ലാം ഉണ്ടായിരുന്നു. അല്ലെങ്കിൽ അത്രയും തന്നെ ധാരാളമായിരുന്നു അന്ന്. ഇന്നും അതിന്റെ മനോഹാരിതയ്ക്ക് ഒരു കോട്ടവും സംഭവിച്ചിട്ടില്ല.

# ഇസ്രായേലും ബീൻ ഹാബെറ്ററിം ഉടമ്പടിയും

പാലസ്തീൻ പ്രശ്നം പരിഹാരം ഇല്ലാതെ നീളുകയാണ്. ഐക്യരാഷ്ട്ര സഭ പതിറ്റാണ്ടുകളായി പരിശ്രമിച്ചിട്ടും പാലസ്റ്റീനിലെ പ്രശ്നത്തിനു പരിഹാരം കാണാനാകുന്നില്ല. രാജ്യങ്ങളുടെ അതിർത്തിതർക്കമാണെങ്കിലും, ഇസ്രായേലിനോടുള്ള ഇസ്ലാമിന്റെ പൊതുവായ സമീപനമാണ് ഈ പ്രശ്നം ഇത്രയും വഷളാക്കിയത്.

പാലസ്തീന്റെ ചരിത്രം ആദിവാസികളായ കനാന്യരുടെ മാത്രം ചരിത്രമല്ല. ലോകത്തിലെ മൂന്നു വിഭാഗം ജനസമൂഹങ്ങളുടെ (യെഹൂദൻ, ജാതികൾ, സഭ) ചരിത്രം കൂടിയാണ്. അതുകൊണ്ടാണ് പാലസ്തീൻ പ്രശ്നം ലോകത്തിന്റെ ഉറക്കം കെടുത്തുന്നത്.

പഴയ ഇറാഖിലെ "ഊർ" പട്ടണത്തിൽ നിന്നും വിഗ്രഹനിർമ്മാണം കുലതൊഴിലാക്കിയ "തേരഹിന്റെ" മകൻ അബ്രാം (Abram) കുടുംബസമേതം സ്ഥിരതാമസത്തിനു വന്നതോടെയാണ്

പാലസ്തീന്റെ ചരിത്രം മാറിയത്. ക്രിസ്ത്യാനികൾക്കു പാലസ്തീൻ നാട് പ്രിയങ്കരമാകുന്നത് ലോകചരിത്രത്തെ രണ്ടാക്കി മാറ്റിയ ക്രൈസ്തവ ചരിത്രം തുടങ്ങുന്നതു പാലസ്തീന്റെ മണ്ണിൽ നിന്നായതുകൊണ്ടാണ്.

ഇസ്രായേൽ പാലസ്തീൻ കൈയ്യേറിയതാണ് സകല കുഴപ്പങ്ങൾക്കും കാരണമെന്നും സ്വതന്ത്ര പാലസ്തീൻ രാഷ്ട്രം യാഥാർത്ഥ്യമാകാതെ ഈ പ്രശ്നം അവസാനിക്കില്ല എന്നുമാണ് ഇസ്ലാമിക സമൂഹം പറയുന്നത്.

റോമക്കാർ പാലസ്തീനിയ എന്നു വിളിച്ചിരുന്ന കനാൻനാടിനു വേണ്ടി അറബികൾ ഉന്നയിക്കുന്ന വാദങ്ങൾക്കു യാതൊരു അടിസ്ഥാനവുമില്ല. ലോകചരിത്ര സംഭവങ്ങളും പുരാവസ്തു ഗവേഷണങ്ങളുമൊക്കെ അതാണ് ഉറക്കെ വിളിച്ചു പറയുന്നത്. അറബികളുടെ ഭൂമി ഇസ്രായേൽ ബലമായി കൈയ്യേറിയിട്ടില്ല.

**ഇസ്രയേലിനു അവകാശപ്പെട്ട പാലസ്തീൻ നാടിന്റെ അതിർത്തികൾക്കു പോലും ഒരു നാളും മാറ്റം വരികയില്ല. എന്തെങ്കിലും ബാഹ്യസമ്മർദ്ദങ്ങൾക്കു വഴങ്ങി ഇസ്രായേൽ ചില വിട്ടു വീഴ്ചകൾക്കു തയ്യാറായാൽ പോലും മശിഹയുടെ രാജഭരണ കാലത്ത് ഈ കരാർ പൂർണ്ണമായും പ്രാബല്യത്തിൽ വരുമെന്നു ഇസ്രായേലിനെ സംബന്ധിച്ച പ്രവചനങ്ങളിൽ നിന്നും മനസ്സിലാക്കാം.**



**പാസ്റ്റർ വർഗീസ് ജോസഫ്**

അവകാശഭൂമിയിലേക്കു മടങ്ങിവന്നു ഉടമസ്ഥത സ്ഥാപിക്കുക മാത്രമാണ് അവർ ചെയ്തത്.

രണ്ടാം ലോക മഹായുദ്ധത്തോടെയാണ് തമസ്കരിക്കപ്പെട്ട പാലസ്തീന്റെ ചരിത്രം ഇത്രയും വികൃതമാക്കപ്പെട്ടത്.

സംസ്കാരിക വിപ്ലവത്തിന്റെ മറവിൽ സോവിയറ്റുയൂണിയൻ വൻതോതിൽ പണം ചിലവഴിച്ചു കമ്മ്യൂണിസത്തിന്റെ പുരോഗതിക്കായി രാജ്യങ്ങൾ തോറും വിവിധ ക്യാമ്പയിനുകൾ നടത്തി.

സമാനതകളില്ലാത്ത ഈ പ്രചാരണങ്ങൾ മൂലം മെനഞ്ഞെടുത്ത കഥകളും നുണകളും അതിവേഗം പ്രചരിപ്പിക്കപ്പെട്ടു. ഇസ്രായേലിന്റെ നടപടി അധിനിവേശമായും അമേരിക്കയുടെയും ബ്രിട്ടന്റെയും നിലപാടുകൾ സാമ്രാജ്യത്വപരമാണെന്നും മുദ്രകുത്തപ്പെട്ടു.

പാശ്ചാത്യ മാധ്യമങ്ങൾ പോലും പാലസ്തീൻ വിഷയത്തിൽ കുറ്റകരമായ മൗനം പാലിക്കുകയുണ്ടായി.

ജർമ്മനിയെ നാസിസവും, റഷ്യയെ കമ്മ്യൂണിസവും വരിഞ്ഞുമുറുക്കിയതിനാൽ ഇസ്രായേൽ ശത്രുക്കളുടെ മദ്ധ്യേ ഒറ്റപ്പെട്ടു. അറബിരാജ്യങ്ങൾ അവർക്കെതിരെ കൂട്ടത്തോടെ യുദ്ധം ചെയ്യുന്നതു പതിവു കാഴ്ച്ചയുമായി.

യെഹൂദവിദ്വേഷം തലയ്ക്കു പിടിച്ചവരുടെ കുപ്രചാരണങ്ങൾ ഇന്നും നിർബാധം തുടരുകയാണ്. യെഹൂദന്മാരുടെ ഓർമ്മകൾ പോലും ലോകത്തു ഉണ്ടാകരുതെന്നു നിർബന്ധമുള്ളവരാണ് ഇസ്ലാമിക തീവ്രവാദികളും കമ്മ്യൂണിസ്റ്റു പാപ്പരാസികളും. ഹമാസിന്റെ കൊടും ക്രൂരതകളെ ഒരു മടിയും കൂടാതെ ന്യായീകരിക്കുന്ന അവരാണ് ഇന്നും ഇസ്രായേലിനു എതിരെ മുറവിളി കൂട്ടുന്നത്.

പാലസ്തീൻ പ്രശ്നം ഏറ്റവും വേഗത്തിൽ പരിഹരിക്കപ്പെടണം. അല്ലാതെ പശ്ചിമേഷ്യയിലെ സംഘർഷങ്ങൾക്കു അയവും ലോകത്തിനു സമാധാനവും ലഭിക്കില്ല. പ്രശ്നം പരിഹരിക്കപ്പെടണമെങ്കിൽ, ഏകദേശം നാലായിരത്തോളം വർഷങ്ങൾക്കു മുമ്പു നിലവിൽ വന്ന "ബ്രിട്ട് ബീൻ ഹാബെറ്ററിം"(Brit bein HaBetarim) ഉടമ്പടി അതേപ്പടി നടപ്പിലാകണം.

ഇസ്രായേല്യരുടെയും ഇസ്ലാമികരുടെയും പൂർവ്വപിതാവായ അബ്രാഹാമിനോട് ഹിബ്രു ഭാഷയിൽ ദൈവം നേരിട്ടു ചെയ്ത ഉടമ്പടിയാണ് (Covenant) ബീൻ ഹാബ്ടോറിം. ഈ ഉടമ്പടി പ്രകാരം അബ്രാഹാം സാറാ ദമ്പതിമാരുടെ സന്തതി പരമ്പരയ്ക്കു പാലസ്തീന്റെ ഉടമസ്ഥതയും പരമാധികാരവും പരമ്പര്യമായി ലഭിച്ചിരിക്കുന്നു എന്നു വ്യക്തമാണ്. ബൈബിളിലെ ഉല്പത്തി പുസ്തകത്തിൽ ആർക്കും ഈ കരാർ പരിശോധിക്കാൻ സാധിക്കും.

നിന്റെ സന്തതിക്കു ഞാൻ നൈൽ നദി തുടങ്ങി യൂഫ്രട്ടീസ് നദി വരെയുള്ള ദേശത്തെ തന്നിരിക്കുന്നു" എന്നു വ്യക്തമായി പറയുന്നതാണ് ഈ ഉടമ്പടി (ഉല്പത്തി15 :18)

ഭാവികാലരൂപത്തിൽ ഞാൻ തരും എന്നു പറയാതെ "ഞാൻ തന്നിരിക്കുന്നു " (I given this land,) എന്നു അബ്രാഹാമിനോട് ഉറപ്പിച്ചു പറയുന്ന ഈ കരാറിൽ അതിരുകൾ പോലും വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്.

ഇസ്രയേലിനു അവകാശപ്പെട്ട പാലസ്തീൻ നാടിന്റെ അതിർത്തികൾക്കു പോലും ഒരു നാളും മാറ്റം വരികയില്ല. എന്തെങ്കിലും ബാഹ്യസമ്മർദ്ദങ്ങൾക്കു വഴങ്ങി ഇസ്രായേൽ ചില വിട്ടു വീഴ്ച്ചകൾക്കു തയ്യാറായാൽ പോലും മശിഹയുടെ രാജഭരണ കാലത്ത് ഈ കരാർ പൂർണ്ണമായും പ്രാബല്യത്തിൽ വരുമെന്നു ഇസ്രായേലിനെ സംബന്ധിച്ച പ്രവചനങ്ങളിൽ നിന്നും മനസ്സിലാക്കാം.

# ക്രിസ്തുമസ് സമ്മാനങ്ങൾ

*സ്വന്ത പുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടു കൂടെ സകലവും നമുക്കു നൽകാതിരിക്കുമോ.* (Rom 8:32)

ദൈവം തന്റെ ഏകജാതനായ യേശു ക്രിസ്തുവിനെ കാല സമ്പൂർണ്ണതയിൽ ലോകത്തിന് നൽകിയതാണ് ഏറ്റവും വലിയ സമ്മാനം. ക്രിസ്മസ്സ് എന്ന സമ്മാനത്തിലെ ചില പാക്കേജുകൾ തുറന്നു കാണിക്കാം.

**1. ദൈവ സ്നേഹം.** (Jh 3:16)

ദൈവം നമ്മെ സ്നേഹിക്കുന്നു. ദൈവത്തിന്റെ സ്നേഹത്തിന് സീമകൾ ഇല്ല.

അതിന്റെ ആഴവും, ഉയരവും, നീളവും,വീതിയും വർണ്ണിപ്പാൻ വാക്കുകൾ പോര. ദൈവം മഹാ സ്നേഹത്താൽ യേശുവിനെ നമുക്കായി നൽകിയതും, നമ്മെ മക്കളായി തീർത്ത് നിത്യജീവൻ നൽകിയതും. പിതാവായ ദൈവം ഇന്നും നമ്മെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ് ബാല ശിക്ഷകൾ നൽകി ശുദ്ധീകരിക്കുന്നത്.

നമ്മുടെ തെറ്റുകൾക്ക് ബാല ശിക്ഷകൾ ലഭിക്കുന്നില്ല എങ്കിൽ നാം ദൈവസ്നേഹത്തിൽ നിന്ന് അകന്ന് അപകടകരമായ ക്രിസ്തീയ ജീവിതമാണ് നയിക്കുന്നത്. ഈ ലോകത്തോട് ഒപ്പം നാം നശിച്ചു പോകാതെ നിത്യജീവൻ പ്രാപിപ്പാൻ യേശുവിൽ വിശ്വസിക്കാം.

**2. പാപ പരിഹാരം** (Mt 1:21)

യേശു സർവ്വ ജനത്തെയും അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാൻ മനുഷ്യനായി അവതരിച്ചു.

ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി, പാപത്തിന്റെ ശമ്പളമായ മരണത്തിന് അധീനരായി തീർന്നു.

എന്നിൽ പാപമില്ല എന്ന് പറഞ്ഞു നമ്മെത്തന്നെ വഞ്ചിക്കാതെ യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗം എന്ന ക്രൂശ് മരണത്താൽ പാപ പരിഹാരം വരുത്തിയിരിക്കയാൽ എന്റെ പാപങ്ങൾ പരിഹരിക്കപ്പെടുകയില്ല എന്ന മാനസിക സംഘർഷം അനുഭവിക്കുന്നവർക്കും, ഞാൻ പാപിയാണ് എന്റെ പാപങ്ങൾ എങ്ങനെ പരിഹരിക്കപ്പെടും, അതിനു ഞാൻ എന്തു ചെയ്യണം, അതിനുള്ള ഉത്തരം നമ്മുടെ പാപങ്ങളെ ദൈവ മുമ്പാകെ സമ്മതിക്കയും, സ്വയം പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ കർത്താവ് നമ്മോട് പാപങ്ങളെ ക്ഷമിച്ചു, യേശുവിന്റെ രക്തത്താൽ സകല അനീതിയും പാപവും പോക്കി നമ്മെ ശുദ്ധിക്കരിക്കുന്നു.

വിണ്ണ് വിട്ടു മന്നിൽ വന്ന രക്ഷകൻ നമുക്ക് നൽകിയ പാപ പരിഹാരത്താൽ ആത്മരക്ഷ നാം പ്രാപിക്കുന്നില്ലെങ്കിൽ, ഈ ക്രിസ്തുമസ് ആഘോഷങ്ങൾ അർത്ഥ ശൂന്യമാണ്.

**3. മഹാസന്തോഷം** (Lk 2:)

കർത്താവായ ക്രിസ്തു എന്ന രക്ഷിതാവിന്റെ ജനനം സർവ്വജനത്തിനുമുള്ള മഹാ സന്തോഷമാണ്. മഹാ സന്തോഷത്തിന്റെ സുവിശേഷം കേട്ട സർവ്വജനത്തിന്റെയും പ്രതിനിധികളായി സാധാരണക്കാരായ തൊഴിലാളി വർഗ്ഗത്തിന്റെ പ്രതിനിധികളായി ആട്ടിടയന്മാരും, മതത്തിന്റെ ആത്മീയ സമൂഹത്തിന്റെ പ്രതിനിധിയായി ശിമ്യോനും, സ്ത്രീ സമൂഹത്തിന്റെ പ്രതിനിധിയായി ഹന്ന എന്ന പ്രവാചകിയും, ജ്ഞാനികൾക്കും സമൂഹത്തിലെ ഉന്നതരായ വ്യക്തികൾക്കും പ്രതിനിധികളായി വിദ്വാന്മാരെയും കാണുവാൻ കഴിയും. നമുക്ക് വേണ്ടി രക്ഷകനായി അവതരിച്ച യേശുക്രിസ്തുവിനെ അറിയുവാനും സ്വന്ത കർത്താവും രക്ഷകനുമായി ഹൃദയത്തിൽ സ്വീകരിച്ച് മക്കളായി തീരുവാൻ ലഭിച്ച ഭാഗ്യമാണ് ഇന്ന് നമ്മുടെ രക്ഷയുടെ സന്തോഷത്തിന്റെ അടിസ്ഥാനം.

അങ്ങനെ നമ്മുടെ പേര് സ്വർഗ്ഗത്തിൽ ജീവപുസ്തകത്തിൽ എഴുതിയിരിക്കയാൽ നമുക്ക് സന്തോഷിപ്പാൻ വകയുണ്ട്.

**4. ദൈവിക സമാധാനം** (Lk 2:13,14)

നമുക്കായി ജനിച്ച യേശു സമാധാന പ്രഭുവാണ്. അവന്റെ സമാധാനത്തിനും അവസാനം ഉണ്ടാകയില്ല. യേശു കർത്താവ് പറയുന്നത് എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു.

ലോകത്തിനു തരുവാനും എടുത്തു കളയുവാനും കഴിയാത്തതുമായ ദിവ്യ സമാധാനം ദൈവം പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയത്തിൽ പകർന്നു തന്നു. നാം നമ്മോടു തന്നെ സമാധാനമായിക്കണം എന്റെ ജീവിതത്തെ നയിക്കുവാനുള്ള കർത്തൃത്വം ദൈവത്തിന് വിട്ടു കൊടുക്കുമ്പോൾ ഉളവാകുന്ന സമാധാനം അളവറ്റതാണ്.

ദൈവം പ്രസാദമുള്ളവനെ സമാധാനം നൽകി അനുഗ്രഹിക്കും. നമ്മുടെ കുടുംബത്തോട് സമാധാനമായിരിക്കേണം ദൈവത്താൽ കുടുംബ ജീവിതത്തിൽ യോജിക്കപ്പെട്ടവർ വേർപിരിയാതെ സമാധാനത്തിൽ ജീവിപ്പിൻ. ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

നമ്മുടെ സമൂഹത്തോട് സമാധാനമായിരിക്കേണം. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും. എന്നാൽ സമാധാനത്തിന്റെ ദൈവം നമ്മോട് കൂടെ ഇരിക്കും.

നാം ദൈവത്തോട് സമാധാനമായിരിക്കേണം. വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശു ക്രിസ്തു മൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്. ശാന്തമായ ഹൃദയം സമ്പാദിക്കുവാൻ വിചാരങ്ങളാൽ പരവശനായിത്തീരാതെ നിങ്ങളെ അലട്ടുന്ന എല്ലാ പ്രശ്നങ്ങളും, എല്ലാ വിചാരങ്ങളും ആവശ്യങ്ങളും പ്രാർത്ഥനയിൽ സ്തോത്രത്തോടെ ദൈവത്തോടു അറിയിക്കുക. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തു യേശുവിങ്കൽ കാക്കും. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം.

**5. പിശാചിന്റെ പ്രവൃത്തികളെ അഴിക്കുക.** 1 john 3:8

കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലിന് എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞ കർത്താവ് നന്മ ചെയ്തു പിശാച് ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ടു സഞ്ചരിച്ചതുമായ വിവരം തിരുവെഴുത്തിൽ നിന്ന് നാം വായിക്കുന്നു. എല്ലാ മനുഷ്യരുടെയും ജീവിതത്തിൽ പിശാചിനാൽ പരീക്ഷിക്കപ്പെടുന്ന ജീവിത സാഹചര്യങ്ങൾ ഉണ്ടാകാം..

എന്നാൽ നാം തിരുവചനത്താൽ ആ പരീക്ഷകളെ ജയിക്കണം. സാത്താൽ നമ്മെ തോൽപ്പിക്കരുത്. അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ. പരീക്ഷകളെ ജയിക്കുന്നവർക്ക് മാത്രമേ ജീവിത ലക്ഷ്യം പൂർത്തികരിപ്പാൻ കഴിയു. യേശു കർത്താവ് മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും നല്കപ്പെട്ടിരിക്കുന്ന കർത്താവ്, തന്റെ ശിഷ്യഗണങ്ങൾക്ക് തന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുവാനുള്ള അധികാരം കൊടുത്തു. കർത്താവ് വിശ്വസിക്കുന്നവർക്കു വേണ്ടി ഇന്നും പ്രവർത്തിപ്പാൻ ശക്തനാണ്.



സീബാ മാത്യു

**6. ദൈവം നമ്മോടു കൂടെ (ഇമ്മനുവേൽ)** Mt 1:22

മണ്ണിൽ നിന്നും മാനവനെ സൃഷ്ടിച്ചവൻ അവനെ വീണ്ടെടുക്കുവാൻ വിണ്ണിൽ നിന്നും മന്നിൽ വന്നു.

മാനവനെ സംബന്ധിച്ച് ആരെല്ലാം കൂടെയുണ്ട് എന്നതല്ല ദൈവം നമ്മോടുകൂടെ ഉണ്ട് എന്നതാണ് പരമപ്രധാനം. ദൈവമായ വചനം ജഢവതാരം എടുത്ത യേശു മരിച്ചു അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത യേശു കർത്താവിന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ കൂടി വരുന്നവരുടെ നടുവിൽ സർവ്വ വ്യാപിയായ കർത്താവിന്റെ അദൃശ്യ സാന്നിധ്യമുണ്ട്. വിശ്വാസസ്നാനം സ്വീകരിച്ച് യേശുവിന്റെ കൽപ്പന അനുസരിക്കുന്നവരോട് കൂടെ, ലോകാവസാനത്തോളം എല്ലാ നാളും കർത്താവ് കൂടെയുണ്ട്.

കർത്താവിന്റെ മനുഷ്യാവതാരം കൊണ്ടുള്ള മേന്മ

ഒന്ന്, കർത്താവ് നിത്യസ്നേഹം കൊണ്ട് നമ്മെ സ്നേഹിച്ചു.

രണ്ട്, നമ്മുടെ പാപത്തിന് പരിഹാരം വരുത്തി.

മൂന്ന്, നമുക്ക് മഹാ സന്തോഷം സുവിശേഷത്താൽ നൽകി.

നാല്, ദൈവിക സമാധാനം പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നു നൽകി.

അഞ്ച്, പിശാചിന്റെ പ്രവർത്തികളിൽ നിന്ന് നമ്മെ വിടുവിച്ചു.

ആറ്, കർത്താവ് എല്ലാ കാലവും നമ്മോടുകൂടെ ഇരിക്കുന്നു എന്നുള്ളതാണ്.

അതുകൊണ്ട് നാം ഏകരല്ല, അനാഥരല്ല. ദൈവം നമ്മോടു കൂടെയുണ്ട്... അതുകൊണ്ട് യേശുവിന്റെ ജനനം കൊണ്ടുള്ള ആത്യന്തിക ലക്ഷ്യം നമ്മുടെ ജീവിതത്തിൽ പൂർത്തീകരിക്കുന്നതാകട്ടെ ഈ ക്രിസ്തുമസ്.

# ആരാധനകരോട് സുവിശേഷം പറഞ്ഞ് ഡാഡി യാങ്കി

**പ്യൂർട്ടോ റിക്കൊ:** യേശുക്രിസ്തുവിനെ അനുഗമിക്കണമെന്ന് ആരാധകരോട് ഉപദേശിച്ച്, ലാറ്റിൻ സംഗീത സൂപ്പർസ്റ്റാറും ''ഡെസ്പാസിറ്റോ'' ഗായകനുമായ ഡാഡി യാങ്കി. കരിയറിൽ നിന്നുള്ള വിടവാങ്ങൽ പരിപാടിയിലായിരുന്നു ആരാധകരോടും, അനുയായികളോടും നിങ്ങൾ ആരാധിക്കേണ്ടതും, അനുഗമിക്കേണ്ടതും യേശുവിനെ മാത്രമാകണമെന്ന് നിർദ്ദേശിച്ചത്. മുപ്പത് വർഷമായി സംഗീത ലോകത്ത് പ്രവർത്തിച്ച ഡാങ്കി 2023 നവംബർ 30 ന് പ്യൂർട്ടോ റിക്കോയിലെ സാൻ ജുവാൻ എന്ന സ്ഥലത്ത് കൊളീസിയോ ഡി പ്യൂട്ടോ റിക്കോ ജോസ് മിഗ്വൽ അഗ്രലോട്ടിൽ ലാ മെറ്റാ എന്ന സംഗീത കച്ചേരി ആയിരുന്നു വിരമിക്കൽ വേദി.

2022 ഫെബ്രുവരിയിൽ മിയാമിയിൽ നടന്ന ഒരു സംഗീതക്കച്ചേരിയിൽ വച്ചായിരുന്നു തന്റെ ക്രിസ്തു വിശ്വാസം പരസ്യമായി പ്രക്യാപിച്ചത്. അതേ വേദിയിൽ പ്യൂർട്ടോ റിക്കൻ കലാകാരൻ ക്രിസ്തു വിശ്വാസത്തിന്റെ പേരിൽ തന്റെ ഹിറ്റ് ഗാനമായ ''പെപാസ്'' എന്ന ഗാനം പാടാതിരുന്നിട്ടുണ്ട്. പാട്ട് പാടാൻ സ്വാതന്ത്ര്യം ഉള്ളതുപോലെ ക്രിസ്തു വിശ്വാസം പറയാനും സ്വാതന്ത്ര്യം വേണമെന്നും അദ്ദേഹം സംഘാടകരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ക്രിസ്തു വിശ്വാസം സ്വീകരിച്ചതിന് തുടർന്ന് കരിയർ അവസാനിപ്പിച്ച മറ്റൊരു കലാകാരനാണ് ഹെക്ടർ ഡെൽഗാഡോ.

# 2023 ലും ബൈബിൾ തന്നെ

**ന്യൂയോർക്ക്:** 2023 ലും ലോകത്തിൽ ഏറ്റവുമധികം അധികം വിറ്റഴിഞ്ഞ പുസ്തകം ബൈബിളായിരുന്നു. അതിനുള്ള കാരണങ്ങൾ വ്യത്യസ്തമാണ്, എന്നാൽ ദ ന്യൂയോർക്കർ പറയുന്നതനുസരിച്ച്, ''എല്ലാ വർഷവും ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന പുസ്തകം ബൈബിളാണ്.''

''യുണൈറ്റഡ് സ്റ്റേറ്റ്സിൽ എത്ര ബൈബിളുകൾ വിറ്റഴിക്കപ്പെട്ടുവെന്ന് കണക്കാക്കുന്നത് ഫലത്തിൽ അസാധ്യമായ ഒരു കാര്യമാണ്, എന്നാൽ 2005-ൽ അമേരിക്കക്കാർ 25 ദശലക്ഷം ബൈബിളുകൾ വാങ്ങിയെന്നാണ് ഒരു കണക്ക്. അതായത് ഏറ്റവും പുതിയ ഹാരി പോട്ടർ പുസ്തകത്തിന്റെ ഇരട്ടി''. ''ബൈബിളുകൾക്കായി പ്രതിവർഷം ചെലവഴിക്കുന്ന തുക അര ബില്യൺ ഡോളറിലധികം വരും.'' ഗിന്നസ് വേൾഡ് റെക്കോർഡ് പ്രകാരം എക്കാലത്തെയും മികച്ച വിൽപ്പനയുള്ള പുസ്തകമാണ് ബൈബിൾ. ബെസ്റ്റ് സെല്ലർ ലിസ്റ്റിൽ ബൈബിൾ പ്രത്യക്ഷപ്പെടാത്തതിന് നിരവധി കാരണങ്ങളുണ്ട്. അത്തരം ലിസ്റ്റുകളിൽ സാധാരണയായി പുതിയ റിലീസുകൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ. രണ്ടാമതായി, ബൈബിളിന് ധാരാളം പ്രസാധകരും നിരവധി വിവർത്തനങ്ങളും ഉണ്ട്, ഡാറ്റ സംയോജിപ്പിച്ച് മാത്രമേ അത് മുകളിലേക്ക് ഉയരുകയുള്ളൂ. അവസാനമായി, ബെസ്റ്റ് സെല്ലർ ലിസ്റ്റുകൾ പലപ്പോഴും പ്രതിവാര ഡാറ്റയെ അടിസ്ഥാനമാക്കിയുള്ളതാണ്. ബൈബിൾ വിൽപ്പന വർഷം മുഴുവനും സ്ഥിരമായി മികച്ചതാണ്. എന്നിരുന്നാലും, എല്ലാ വിൽപ്പനകളും സംയോജിപ്പിച്ച്, മറ്റ് പുസ്തകങ്ങളുടെ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ ബൈബിൾ പ്രതിവർഷം ഒന്നാം സ്ഥാനത്താണ്. 10-ൽ ഒമ്പത് അമേരിക്കക്കാർക്കും ഒരു ബൈബിൾ ഉണ്ട്, അവരുടെ കൈവശം ശരാശരി 4.4 കോപ്പികൾ ഉണ്ടെന്നും പറയുന്നു.

''എക്കാലത്തും ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന പുസ്തകം ക്രിസ്ത്യൻ ബൈബിളാണ്,'' ഗിന്നസ് അതിന്റെ വെബ്സൈറ്റിൽ പറയുന്നു. ''അതിന്റെ ഉള്ളടക്കങ്ങൾ സ്റ്റാൻഡേർഡ് ചെയ്തതിന് ശേഷം ഏകദേശം 1500 വർഷത്തിനുള്ളിൽ എത്ര കോപ്പികൾ അച്ചടിച്ചിട്ടുണ്ടെന്ന് കൃത്യമായി അറിയാൻ കഴിയില്ല, എന്നാൽ 2021 ൽ ബ്രിട്ടീഷ് ആൻഡ് ഫോറിൻ ബൈബിൾ സൊസൈറ്റി നടത്തിയ ഗവേഷണം സൂചിപ്പിക്കുന്നത് മൊത്തം എണ്ണം 5 മുതൽ 7 ബില്യൺ കോപ്പികൾക്കിടയിലാണ്.'' 21ാം നൂറ്റാണ്ടിൽ, ബൈബിളുകൾ ''പ്രതിവർഷം 80 ദശലക്ഷം എന്ന നിരക്കിലാണ് അച്ചടിക്കുന്നത്'' എന്ന് ഗിന്നസ് പറഞ്ഞു.

# കാൾട്ടൺ പിയേഴ്സൺ: നരകം നിരസിച്ചവൻ

**സാൻഡീഗോ:** ലോക പ്രശസ്ത സുവിശേഷ പ്രസംഗകൻ കാൾട്ടൺ പിയേഴ്സൺ എഴുപതാം വയസ്സിൽ അന്തരിച്ചു. 1953 ൽ ആദം ലൂയിസ് പിയേഴ്സണിന്റെയും, ലില്ലി രൂത്ത് ജോൺസൺ പിയേഴ്സിന്റെയും ഏഴ് മക്കളിൽ അഞ്ചാമനായി ജനനം. മാതാവ് ലില്ലി രൂത്തിന്റെ പിതാവ് ലോൺ ഇവാൻസ് ആദ്യകാല പെന്തക്കോസ്തു പ്രഭാഷകകനായിരുന്നു. ലോൺ ഇൻസിന്റെ പിതാവ് ഇലക്ടർ പിയേഴ്സൺ സാൻഡിഗോയിലെ സെന്റ് ലൂക്ക് ചർച്ച് ഓഫ് ഗോഡ് ഇൻ ക്രൈസ്റ്റിന്റെ സ്ഥാപകനായിരുന്നു. പട്ടണത്തിലെ മറ്റൊരു സഭ അദ്ദേഹത്തിന്റെ അമ്മയുടെ സഹോദരൻ തന്നെ സ്ഥാപിച്ചതുമാണ്. തന്റെ പിതാവ് കാലിഫോർണിയായിലെ ലാ ജോല്ലയിലെ സെന്റ് ജോൺ ചർച്ച് ഓഫ് ഗോഡ് ഇൻ ക്രൈസ്റ്റിലെ പാസ്റ്ററുമായിരുന്നു. അങ്ങനെ വിശ്വപ്രസിദ്ധരായ അനേകം സുവിശേഷ പ്രസംഗകരുടെ ഒരു കുടുംബത്തിൽ നിന്നുമുള്ള വ്യക്തിയായിരുന്നു കാൾട്ടൺ പിയേഴ്സൺ. കുടംബത്തിലെ സ്ത്രീകളിൽ പലരും അറിയപ്പെടുന്ന സുവിശേഷകരാണ്. വംശീയമായും, വിദ്യാഭ്യാസപരമായും അടിച്ചമർത്തപ്പെട്ട പിയേഴ്സൺ 18ാം വയസിൽ വിട്ട് തുൾസയിലെ ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റിയിൽ പഠിച്ചു. ഓറൽ റോബർട്ടിന്റെ മകൻ റിച്ചാർഡിന്റെ സംഗീത ഗ്രൂപ്പിൽ ചേർന്നു. ഒടുവിൽ ഓറൽ റോബർട്ട്സനുമായി തന്നെ വ്യക്തിബന്ധം സ്ഥാപിക്കുകയും, അദ്ദേഹത്തോട് ചേർന്ന് ടെലിവിഷൻ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. നരകത്തെ നിരസിച്ചവൻ എന്ന അപര നാമത്തിലും അദ്ദേഹം അറിയപ്പെട്ടിരുന്നു.

# ''വൈക്ലിഫിന്റെ ഓക്ക്'' ട്രീക്ക് അവാർഡിനായി നാമ നിർദ്ദേശം നൽകി

**യുഎസ്എ:** ഇംഗ്ലണ്ടിലെ സറേയിൽ പ്രസംഗിക്കവേ, നവീകരണ പ്രവർത്തകനായ ജോൺ വിക്ലിഫ് ഒരിക്കൽ സുവിശേഷം പ്രസംഗിക്കാൻ തണലിനായി നിന്നു എന്ന് വിശ്വസിക്കപ്പെടുന്ന ഒരു മരമാണ് ഓക്ക്. ഒരു ചാരിറ്റി സംഘടനയായ ട്രീ-ഓഫ്-ദി-ഇയർ മത്സരത്തിന് പ്രസ്തുത മരത്തെ നാമനിർദ്ദേശം ചെയ്തു. മരത്തിന് ഏകദേശം 800 വർഷം പഴക്കമുണ്ട്.

അതിന്റെ തടിക്ക് ഏകദേശം 24 അടിയാണ് വണ്ണം ഉണ്ട്. 1370-ൽ വിക്ലിഫ് അതിന്റെ കീഴിൽ പ്രസംഗിച്ചതായി പറയപ്പെടുന്നു. ബാപ്റ്റിസ്റ്റ് ചാൾസ് സ്പർജനും1872-ൽ അതിന്റെ ചുവട്ടിൽ പ്രസംഗിച്ചു

# ഹൾക്ക് ഹോഗൻ സ്നാനമേറ്റു

മുൻ പ്രൊഫഷണൽ ഗുസ്തിക്കാരനും റിയാലിറ്റി ടെലിവിഷൻ താരവും നടനുമായ ഹൾക്ക് ഹോഗൻ (യഥാർത്ഥ പേര് ടെറി ബൊല്ലിയ) ഫ്ലോറിഡയിൽ സ്നാനമേറ്റതായി പ്രഖ്യാപിച്ചു. ഇന്ത്യൻ റോക്സ് ബാപ്റ്റിസ്റ്റ് ചർച്ചിൽ നടന്ന പ്രത്യേക ചടങ്ങിൽ ഭാര്യ സ്കൈ ഡെയ്‌ലി ഹോഗനൊപ്പം സ്നാപനമേറ്റതായി സോഷ്യൽ മീഡിയയിൽ അറിയിച്ചു. യേശുവിനുള്ള സമ്പൂർണ്ണ കീഴടങ്ങലും സമർപ്പണവുമാണ് എന്റെ ജീവിതത്തിലെ ഏറ്റവും മഹത്തായ ദിനം. ആശങ്കകളില്ല, വിദ്വേഷമില്ല, മുൻവിധിയില്ല... സ്നേഹം മാത്രം", ചടങ്ങിന്റെ വീഡിയോകളും ഫോട്ടോകളും കാണിച്ചുകൊണ്ട് അദ്ദേഹം തന്റെ പോസ്റ്റിൽ കുറിച്ചു. ഏപ്രിലിൽ ഹോഗൻ പോസ്റ്റ് ചെയ്ത ഒരു ട്വീറ്റ് അനുസരിച്ച്, മുൻ വേൾഡ് റെസ്ലിംഗ് എന്റർടൈൻമെന്റ് താരം കൗമാരപ്രായത്തിൽ യേശുക്രിസ്തുവിനെ തന്റെ രക്ഷകനായി അംഗീകരിച്ചിരുന്നു.

# വെടിയേറ്റ സുവിശേഷകൻ സുഖം പ്രാപിക്കുന്നു

**അരിസോണ:** തെരുവ് സുവിശേഷ പ്രസംഗത്തിനിടെ തലയ്ക്ക് വെടിയേറ്റ സുവിശേഷകൻ ഹാൻസ് ഷ്മിഡ് സുഖംപ്രാപിച്ച് വരുന്നതായ് ഭാര്യ സുല്യ ഷ്മിത്ത്.

നവംബർ മാസം, അരിസോണയിലെ ഗ്ലെൻഡേലിൽ തെരുവിൽ പ്രസംഗിക്കുന്നതിനിടയിലാണ് തലയ്ക്ക് വെടിയേറ്റത്. വിക്ടറി ചാപ്പൽ ഫസ്റ്റ് ഫീനിക്സിലെ ഔട്ട് റീച്ച് ഡയറക്ടറും, മുൻ പട്ടാള ഉദ്ധ്യോഗസ്ഥനും, രണ്ട് കുട്ടികളുടെ പിതാവുമാണ്.

# പ്രൊഫസർ കാരെൻ ജോബ്സ്: ഈ ടി എസിന്റെ ആദ്യ വനിതാ പ്രസിഡന്റ്

**സാൻ ആന്റോണിയോ:** ലോക പ്രശസ്ത ദൈവശാസ്ത്ര പഠന സർവ്വകാലാശാലയായ ഇവാഞ്ചലിക്കൽ തിയോളജിക്കൽ സൊസൈറ്റിയുടെ (ഈടിഎസ്) ആദ്യവനിതാ പ്രസിഡന്റായി വീറ്റൺ പ്രൊഫസർ കാരെൻ ജോബ്സിനെ തിരഞ്ഞെടുത്തു. വീറ്റൺ കോളേജിലെ പുതിയ നിയമത്തിന്റെ വ്യാഖ്യാന അദ്ധ്യാപികയും, എമെരിറ്റസ് പ്രൊഫറുമായ കാരെൻ ജോബ്സ് ദൈവശാസ്ത്രജ്ഞരുടെയും, പണ്ഡിതന്മാരുടെയും സ്ഥാപനത്തെ തുടർന്ന് നയിക്കും.

അമേരിക്കൻ അക്കാഡമി ഓഫ് റിലീജിയന്റെയും സൊസൈറ്റി ഓഫ് ബിബ്ലിക്കൽ ലിറ്ററേച്ചറിന്റെയും വാർഷിക സമ്മേളനത്തോടനുബന്ധിച്ച് സാൻ ആന്റണിയോയയിൽ നടന്ന വാർഷിക സമ്മേളനം തന്നെ സ്ത്രീ ശാക്തികരണത്തിന്റെ അടയാളമായിരുന്നു.

# മൂന്ന് മെത്തഡിസ്റ്റ് ചർച്ച്കൾ ഒന്നിക്കുന്നു

**ടെക്സ്സാസ്:** മൂന്ന് മെത്തഡിസ്റ്റ് കോൺഫറൻസുകൾ ഒരൊറ്റ പ്രാദേശിക ബോഡിയിൽ ലയിപ്പിക്കാൻ ശ്രമിക്കുന്നു.

യുണൈറ്റഡ് മെത്തഡിസ്റ്റ് ചർച്ചിന്റെ ടെക്സാസ് ആസ്ഥാനമായുള്ള മൂന്ന് കോൺഫറൻസുകൾ റീജിയണൽ ബോഡികളിൽ നിന്ന് 300 സഭകൾ വിട്ടുപോയതിനെത്തുടർന്ന് ഒന്നായി ലയിക്കാനുള്ള സാധ്യതയെക്കുറിച്ച് ആലോചിക്കുന്നു.

യു എം സിസെൻട്രൽ ടെക്സാസ് കോൺഫറൻസ്, നോർത്ത് ടെക്സസ് കോൺഫറൻസ്, നോർത്ത് വെസ്റ്റ് ടെക്സസ് കോൺഫറൻസ് എന്നിവ ഒരു റീജിയണൽ ബോഡിയായി ഏകീകരിക്കാനുള്ള നിർദ്ദേശം പരിഗണിക്കുന്നു. രണ്ട് റീജിയണൽ ബോഡികളുടെ മേൽനോട്ടം വഹിക്കാൻ ബിഷപ്പ് റൂബൻ സാൻസ് ജൂനിയറിനെ നിയമിച്ചതിന് തൊട്ടുപിന്നാലെയാണ്.

കഴിഞ്ഞ ആഴ്ച വിമിയോയിൽ പോസ്റ്റ് ചെയ്ത ഒരു വീഡിയോയിൽ, 'യുണൈറ്റഡ് മെത്തഡിസ്റ്റ് പാരമ്പര്യത്തിൽ ക്രിസ്തുവിന്റെ സുവിശേഷം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും ഞങ്ങളുടെ വിഭവങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താം' എന്നതിനെ കേന്ദ്രീകരിച്ചാണ് ഈ പ്രക്രിയ കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് സാൻസ് പറഞ്ഞു.

സായൻസ് പറയുന്നതനുസരിച്ച്, ജൂണിൽ, ഈ പ്രക്രിയയുമായി എങ്ങനെ മുന്നോട്ട് പോകാമെന്നും മികച്ച വ്യാപനവും കമ്മ്യൂണിറ്റി പങ്കാളിത്തവും പോലുള്ള ചില ലക്ഷ്യങ്ങളിൽ എങ്ങനെ എത്തിച്ചേരാമെന്നും ചർച്ച ചെയ്യാൻ കോൺഫറൻസുകൾ കൺസൾട്ടന്റുമാരെ നിയമിച്ചു.

# അടിമകളുടെ പേര് രേഖപ്പെടുത്തിയ ബൈബിൾ പൊതു ദർശനത്തിന്

**സൗത്ത് കരോലിന:** വില്യം ടർപിൻ 1807-നും 1826-നും ഇടയിൽ മോചിപ്പിച്ച ഡസൻ കണക്കിന് അടിമകളുടെ പേരുകളുടെയും വിശദാംശങ്ങളുടെയും ഒരു കൈയ്യക്ഷര ലിസ്റ്റ് സൂക്ഷിച്ചു. അടിമത്തത്തോടുള്ള ക്രിസ്ത്യൻ എതിർപ്പിന്റെ അപൂർവ റെക്കോർഡ് അടങ്ങിയ എബിബിൾ കൊളംബിയയിലെ സൗത്ത് കരോലിന സ്റ്റേറ്റ് മ്യൂസിയത്തിൽ ആദ്യമായി പ്രദർശിപ്പിച്ചിരിക്കുന്നു. 1700-കളുടെ അവസാനത്തിൽ തന്റെ ബിസിനസ് പങ്കാളിയായ തോമസ് വാഡ്സ്വർത്തിനൊപ്പം മനുഷ്യരെ വാങ്ങിയ വില്യം ടർപിന്റേതായിരുന്നു ബൈബിൾ ഒരിക്കൽ. അടിമത്തം അധാർമികമാണെന്ന് ബോധ്യപ്പെടുകയും അവരെ മോചിപ്പിക്കുകയും ചെയ്തു. അടിമത്തത്തിൽ നിന്ന് മോചിതരായ 31 പേരുടെ പേരുകൾ ടർപിൻ തന്റെ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

# ബൈബിൾ വിലയിൽ വർധന

**റുവാണ്ട:** സംഭാവനകൾ കുത്തനെ കുറയുന്നതിനെ തുടർന്ന് ബൈബിൾ സൊസൈറ്റി ഓഫ് റുവാണ്ടയുടെ ബൈബിളുകളുടെ വില 200 ശതമാനത്തോളം ഉയർത്തി.

പ്രസിദ്ധീകരണച്ചെലവിന്റെ 85 ശതമാനവും വഹിക്കാൻ രാജ്യത്തിന് പുറത്തുള്ള ക്രിസ്ത്യാനികളെ ആശ്രയിച്ചാണ് ബൈബിൾ സൊസൈറ്റി പ്രവർത്തിക്കുന്നത് എന്ന് സംഘടനയുടെ തലവനായ കർദ്ദിനാൾ അന്റോയിൻ കമ്പണ്ടാ പറഞ്ഞു. ''റവാണ്ടക്കാർ തിരുവെഴുത്തുകൾ പ്രസിദ്ധീകരിക്കുന്ന ശുശ്രൂഷയിൽ സംഭാവന ചെയ്യാൻ മുന്നോട്ട് വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു,'' എന്നും അദ്ദേഹം പറഞ്ഞു. സംഘടന ഇപ്പോൾ ഏകദേശം 8,000 റുവാണ്ടൻ ഫ്രാങ്കുകൾക്ക് (ഏകദേശം $7 USD ന് തുല്യമായ) ബൈബിളുകൾ ആണ് വിൽക്കുന്നു.

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 2356706, +91 9981571723

For private circulation only

# സ്നേഹിക്കാൻ പഠിപ്പിച്ച ഏക മാർഗ്ഗം ക്രിസ്തു: പാസ്റ്റർ ഷിജു ആന്റണി



**പരുത്തുംപാറ:** പത്രൊാസിനെയും, നെഞ്ചിൻ കൂടിൽ ചാരി കിടന്ന് മനുഷ്യപുത്രന്റെ മാംസ ഹൃദയത്തിന്റെ മിടിപ്പുകളെ ഏറ്റുവാങ്ങിയ കാതുള്ള യോഹന്നാനെയും വിളിച്ച അതേ പേര് തന്നെ, സ്നേഹത്തിന്റെ പ്രതീകമായ ചുംബനം കൊണ്ട് ഒറ്റികൊടുക്കാൻ വന്ന വഞ്ചകനായ ശിഷ്യനെയും ചേർത്ത് പിടിച്ച് സ്നേഹിതാ എന്ന് വിളിക്കാൻ ലോകത്തെ പഠിപ്പിച്ച ഏക മാർഗ്ഗം യേശുക്രിസ്തുവിന്റെ മാർഗ്ഗം. ഇതിന് പകരം വയ്ക്കാൻ മറ്റൊന്ന് ഇല്ല. ഇത്ര ത്തോളം താഴാൻ ഒരു വ്യക്തിയുടെയും ഹൃദയത്തിന് സാധിക്കില്ല. അതാണ് ഞങ്ങൾ യേശുവിന് പ്രസംഗിക്കുന്നത്. 35- മത് പരുത്തും പാറ കൺവൻഷനിൽ പാസ്റ്റർ ഷിജു ആന്റണിയുടെ വചന ശുശ്രുഷയിലെ ഒരു ഭാഗമാണിത്. പാസ്റ്റർ രാജു ആനിക്കാട് നേതൃത്വം കൊടുക്കുന്ന ഐ പി സി വൈക്കം സെന്ററിലെ ശുശ്രൂഷകനായ പാസ്റ്റർ ഷിജു ആന്റണി കൺവൻഷൻ വേദിയിലെ ഒരു തുടക്കകാരൻ ആണങ്കിലും, വളരെ പക്വതയും, ആർജ്ജവും, വസ്തുനിഷ്ടവുമായ ഒരു പ്രസംഗകനാണ്. യേശുക്രിസ്തുവിനെ ഏക രക്ഷകനായി അവതരിപ്പിക്കാൻ മറ്റൊന്നിനോടും തുലനം ചെയ്യാതയും, യേശുക്രിസ്തുവിനെ കുറിച്ച് മാത്രം പറഞ്ഞ് സുവിശേഷം പ്രസംഗിക്കാൻ ദൈവം ഈ തലമുറയിൽ ഉപയോക്കുന്ന ഒരു യുവ സുവിശേഷകനാണ് പാസ്റ്റർ ഷിജു ആന്റണി. തുടക്കം മുതൽ തെരുവുകളിൽ പ്രസംഗിച്ചാണ് ഇന്ന് ഒരു കൺവൻഷൻ പ്രസംഗകനായി ദൈവം ഉയർത്തിയത്.

## അതിദാരിദ്ര്യം മാറ്റും: മുഖ്യമന്ത്രി പിണറായി വിജയൻ

**തിരുവനന്തപുരം:** അടുത്ത വർഷം കേരളപ്പിറവിയോടെ കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നവകേരള സദസിന്റെ കൊച്ചിയിലെ പരിപാടികളുടെ സമാപന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ലോക ചരിത്രത്തിൽ തന്നെ ആദ്യമായി മുഖ്യമന്ത്രിയും ഇരുപത് മാന്ത്രിമാരും എല്ലാ നിയമസഭാ മണ്ഡലങ്ങളും നേരിട്ട് സഞ്ചരിച്ച ഒരു പരിപാടിയായിരുന്നു. ഇതിന്റെ ഭാഗമായ് ഐ പി സി കേരളാ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി പാസ്റ്റർ രാജു ആനിക്കാട് വൈക്കത്തും, സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ സി തോമസ് തിരുവനന്തപുരത്തും മുഖ്യമന്ത്രിയ്ക്കും, മന്ത്രിമാർക്കൊപ്പം പ്രഭാത ഭക്ഷണം കഴിക്കുകയും പൊതു പ്രശ്നങ്ങൾ സംസാരിക്കുകയും ചെയ്തും. കൂടാതെ പെന്തകോസ്തു സഭാ വിഭാഗങ്ങളിൽ പെട്ടവർക്കും അവസരം ലഭിച്ചു.

## ബൈബിൾ തിരുത്തലിനെതിരെ ഫ്രാങ്ക്ളിൻ ഗ്രഹാം

**ലണ്ടൻ:** ബൈബിളിലെ ദൈവ വചനങ്ങൾ തിരുത്തുന്നതിനെതിരെ സമരറ്റൻ പഴ്സ് മേധാവി റവ ഫ്രാങ്ക്ളിൻ ഗ്രഹാം. ഭർത്താവ്, ഭാര്യ എന്നീ ലിംഗഭേദ പദങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കാൻ ലണ്ടനിലെ മെതഡിസ്റ്റ് ചർച്ച് പുറത്തിറക്കിയ ഭാഷാ ഗൈഡിനെ ഉദ്ധരിച്ചായിരുന്നു ഈ വിമർശനം. എൽ ജി ബി റ്റി കമ്മ്യൂണിറ്റിയെ ചേർത്ത് നിർത്താനാണ് സഭ ഭാഷാ ഗൈഡ് പുറത്തിറക്കിയിരിക്കുന്നതെങ്കിലും ദൈവ വചനത്തിന്റെ തിരുത്തലുകൾക്കെതിരെ വളരെ രൂക്ഷമായിട്ടാണ് അദ്ദേഹം പ്രതികരിച്ചത്. എൽ ജി ബി റ്റി കമ്മ്യൂണിറ്റിയുമായ് ബന്ധപ്പെട്ട പ്രശ്നങ്ങൾ സഭകളിൽ വളരെ പ്രശ്നങ്ങളാണ് ഉണ്ടായി കൊണ്ടിരിക്കുന്നത്. മാതാവ്, പിതാവ്, പങ്കാളി, കുട്ടികളെ പരിചരിക്കുന്നവർ എന്നീ പദങ്ങൾക്ക് പകരം മറ്റ് പദങ്ങൾ കണ്ടെത്തുവാനും, ഭഴിവാക്കാനുമാണ് ശ്രമം നടന്നു വരുന്നത്.

## ചന്ദ്രനിൽ ഒരു സന്ദേശം: റോമാ ഡൗണി

**അയർലന്റ്:** വിപത്തുകളെ വിശ്വാസമാക്കി മാറ്റിയ ഒരു വനിതയാണ് നടി റോമാ ഡൗണി. വളരെ ചെറുപ്പത്തിൽ തന്നെ അമ്മയെ നഷ്ടമായി. പെട്ടെന്നുണ്ടായ ഹൃദയാഘാതത്താൽ മരണപ്പെട്ടു. പിന്നീട് പിതാവിനോടൊപ്പമായിരുന്നു ജിവിച്ചത്. ഉപരി പഠനത്തിനായി ഇംഗ്ലണ്ടിലേക്ക് പോകേണ്ടി വന്നപ്പോൾ പിതാവിനെ പിരിയുന്നത് വളരെ വേദന ഉളവാക്കി. യാത്രക്ക് മുമ്പ് ഒരു രാത്രിയിൽ ആകാശത്ത് ഉദിച്ച് നിൽക്കുന്ന ചന്ദ്രനെ ചൂണ്ടികാണിച്ചിട്ട് പിതാവ് അവരോട് ഈ കാണുന്ന ചന്ദ്രനെ തന്നെ നിനക്കവിടെയും കാണാം. ഇംഗ്ലണ്ടിലേക്ക് അവർ പോയി കുറെ കാലം കഴിഞ്ഞ് പിതാവും മരണപ്പെട്ടു. പക്ഷെ ഈ കാലയളവിലെല്ലാം അവരെ പിടിച്ച് നിർത്തിയത് വലിയമ്മയിൽ നിന്നും പഠിച്ച പ്രാർത്ഥനാ ജീവിതമാണ്. തന്റെ ആരാധകർക്കും, വായനക്കാർക്കുമായി അവർ പുറത്തിറക്കിയ പുസ്തകത്തിന്റെ ചന്ദ്രനിലെ ഒരു സന്ദേശം.

## വെനിസ്വേലയിൽ പുരോഹിതൻ കൊല്ലപ്പെട്ടു

**കാരക്കാസ്:** തെക്കേ അമേരിക്കൻ രാജ്യമായ വെനിസ്വേലയിൽ കെനിയയിൽ നിന്നുള്ള മിഷ്ണറി വൈദികനെ കൊല്ലപ്പെട്ടു. മൊണഗാസ് സംസ്ഥാനത്തെ ഗ്വാര പട്ടണത്തിൽ ജനുവരി 1 തിങ്കളാഴ്ച കാണാതായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൺസോളറ്റ മിഷ്ണറീസ് അംഗമായ ഫാ. ജോസിയ ആസാ കോകലിനെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ജനുവരി 2 ചൊവ്വാഴ്ച രാവിലെ വനത്തിൽ നിന്നാണ് മൃതദേഹം കണ്ടെത്തിയതെന്ന് പോലീസ് പറഞ്ഞു. ജനുവരി 1ന് രാവിലെ 9 മണിയോടെ ടുക്കുപിറ്റ മുനിസിപ്പാലിറ്റിയിലെ പലോമ സെക്ടറിലുള്ള തന്റെ വസതിയിൽ നിന്ന് വൈദികൻ സൈക്കിളിൽ പുറപ്പെട്ടതാണെന്നു ദൃക്സാക്ഷികൾ മൊഴി നല്കിയിട്ടുണ്ട്. രാവിലെ 11 മണിയോടെ കാണാതാവുന്നതിന് മുമ്പ് ദേശീയ പാതയുടെ ഒരു ഭാഗത്തുള്ള ജനോകോസെബെ സെറ്റിൽമെന്റിലെ താമസക്കാരെ അദ്ദേഹം സന്ദർശിച്ചതായും സ്ഥിരീകരണമുണ്ട്. പിന്നീട് എന്ത് സംഭവിച്ചുവെന്നതാണ് അവ്യക്തമായി തുടരുന്നത്.

# ഡബ്ല്യൂ ഈ എയ്ക്ക് വിമർശനം

**ഇറാൻ:** മതത്തെയും മനുഷ്യാവകാശങ്ങളെയും കുറിച്ചുള്ള ചർച്ചയ്ക്ക് ഇറാൻ ആതിഥേയത്വം വഹിക്കുന്ന ഫോറത്തിലേക്കുള്ള ക്ഷണം കഴിഞ്ഞ മാസം വേൾഡ് ഇവാഞ്ചലിക്കൽ അലയൻസ് (WEA) സ്വീകരിച്ചിരുന്നു. ഓപ്പൺ ഡോർസിന്റെ ക്രൈസ്തവ പീഡന പട്ടികയിൽ ഇറാൻ എട്ടാം സ്ഥാനത്താണ്. ഈ പശ്ചാത്തലത്തിൽ ഇറാനുകാരുമായി കൂടിക്കാഴ്ച നടത്താൻ സമ്മതിച്ചതിന് ചില സുവിശേഷകർ ഡബ്ല്യുഇഎയെ നിശിതമായി വിമർശിച്ചു. അന്താരാഷ്ട്ര മതസ്വാതന്ത്ര്യത്തിനായുള്ള യുഎസ് കമ്മീഷനിൽ മുമ്പ് സേവനമനുഷ്ഠിച്ച ജോണി മൂർ, ഡബ്ല്യുഇഎ ‘‘പ്രശ്നത്തിന്റെ ഭാഗമാകുകയാണ്’’ എന്ന് പറഞ്ഞു. ഇറാൻ അലൈവ് മിനിസ്ട്രിയുടെ തലവൻ സംഘടന നിഷ്കളങ്കവും അപകടകരവുമായ നിലപാടാണ് സ്വീകരിച്ചതെന്ന് പറഞ്ഞു. യുടെ ഡബ്ല്യു ഇ എ സെക്രട്ടറി ജനറൽ തോമസ് ഷിർമാക്കർ യോഗത്തെ ന്യായീകരിച്ചു. ക്രിസ്ത്യാനികളെ പ്രശ്നക്കാരായി മാത്രം കാണുന്ന രാജ്യങ്ങളുമായി സംഭാഷണ പങ്കാളികളായാകുന്നത് നല്ലതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സമൂഹത്തിന്റെ നന്മയ്ക്കായി സുവിശേഷകർക്ക് എന്ത് സംഭാവന നൽകാൻ കഴിയും? ലോകത്തെ ബോദ്ധ്യപ്പെടുത്താൻ ഇത്തരം അവസരങ്ങൾ ഉപയോഗിച്ചില്ലെങ്കിൽ ഞങ്ങൾക്ക് ഒരു മോശം മനസ്സാക്ഷി ഉണ്ടാകും. ലഭ്യമായ വിവരങ്ങൾ പ്രകാരം കഴിഞ്ഞ വർഷം ഇറാനിയൻ ഉദ്യോഗസ്ഥർ 134 ക്രിസ്ത്യാനികളെ അറസ്റ്റ് ചെയ്തു. 50 ഓളം പേർ പീഡിപ്പിക്കപ്പെട്ടു.

## വിവാഹത്തിന് ഒരു അർത്ഥം മാത്രം: കെസിബിസി

**കൊച്ചി:** വത്തിക്കാനിലെ വിശ്വാസ തിരുസംഘം ആശീർവാദങ്ങളുടെ അർത്ഥതലങ്ങൾ സംബന്ധിച്ച് 2023 ഡിസംബറിൽ പ്രസിദ്ധീകരിച്ച പ്രഖ്യാപനം അടിവരയിട്ടുറപ്പിക്കുന്ന വസ്തുത ‘വിവാഹം’ എന്ന പദത്തിനും കാഴ്ചപ്പാടിനും നിലവിൽ ഉള്ളതിൽ നിന്നു മാറ്റം വരുത്തി മറ്റൊരർത്ഥം കൽപ്പിക്കാൻ സഭയ്ക്കാവില്ല എന്ന് തന്നെയാണ്. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മാത്രമുള്ള സുസ്ഥിരവും അവിഭാജ്യവുമായ കൂടിച്ചേരലാണ് വിവാഹം. ദമ്പതികൾ തമ്മിലുള്ള പരസ്പര സ്നേഹവും, സ്നേഹത്തിന്റെ പൂർണ്ണതയായി കുഞ്ഞുങ്ങളുടെ ജനനവും ലക്ഷ്യമാക്കുന്നതാണ് ഇത് (What constitutes marriage-which is the "exclusive, stable, and indissoluble union between a man and a woman, naturally open to the generation of children) എന്ന് വ്യക്തമാക്കിക്കൊണ്ടാണ് പ്രബോധന രേഖയുടെ ആദ്യഭാഗം ആരംഭിക്കുന്നതുതന്നെ.

സഭയുടെ പാരമ്പര്യവും പ്രബോധനങ്ങളും പ്രകാരം, കത്തോലിക്കാ സഭയിൽ ആശീർവദിക്കപ്പെടുന്ന ഒരു വിവാഹം നൈസർഗ്ഗികവും, യഥോചിതവും, പൂർണ്ണമായി മാനുഷിക അർത്ഥം ഉൾക്കൊള്ളുന്നതുമായ ലൈംഗികത ഉറപ്പുവരുത്തുന്ന വിവാഹമായിരിക്കണം (only in this context that sexual relations find their natural, proper, and fully human meaning). ആ അർത്ഥത്തിൽ സ്വാഭാവിക വിവാഹബന്ധങ്ങൾ എന്നവിധത്തിൽ സ്വവർഗ്ഗ വിവാഹം ആശീർവദിക്കാനുള്ള അധികാരം സഭയ്ക്ക് ഇല്ല (Church does not have the power to impart blessings on unions of persons of the same sex) എന്നും വിശ്വാസ തിരുസംഘം വ്യക്തമാക്കുന്നു.

## ഗസ്സക്കാർ കൂട്ടമായ് ക്രിസ്തുവിലേക്ക്: തയ്സിർ ടാസ് സാദ

**ഗാസ:** യിസ്രായേലിന്റെ പ്രത്യാക്രമണത്തിന്റെ പരിണിതഫലം അനുഭവിക്കുന്ന ഗസ്സയിലെ മുസ്‌ലിം ജനങ്ങൾ കൂട്ടമായ് ക്രിസ്തുമതത്തിലേക്ക് പരിവർ വർത്തനം ചെയ്യുമെന്ന് തയ്സിർ ടാസ് സാദ. 75 കാരനായ തയ്സിർ മുൻ ഹമാസ് തീവ്രവാതിയായിരുന്നു. 1990 കളിലായിരുന്നു തയ്സിർ ക്രിസ്തു വിശ്വാസം സ്വീകരിച്ചത്. ഫതഫ് രാഷ്ട്രീയ പാർട്ടിയിലും, പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷനിലും പ്രവർത്തിച്ചിട്ടുണ്ട്. ട്രിനിറ്റി ബ്രോഡ്കാസ്റ്റിംഗ് നെറ്റ് വർക്ക് വാരാന്ത്യത്തിൽ സംപ്രേഷണം ചെയ്ത, അമേരിക്കൻ പത്ര പ്രവർത്തകൻ ജോയൽ സി റോസെൻ ബെർഗിനോട് സംസാരിച്ചവയാണ്. നിലവിലെ സംഘർഷത്തിൽ ഗസ്സയിലെ മുസ്ലീംഗങ്ങൾ ഹമാസിനെതിരെ തിരിഞ്ഞിട്ടുണ്ടെന്നും, അവർ കൂട്ടായ് ക്രിസ്തുമതത്തിലേക്ക് ചേക്കേറുമെന്നാണ് മുൻ തീവ്രവാതി കൂടിയായ തയ്സിറിന്റെ വിശ്വാസം. ആ വിളവെടുപ്പിന്റെ ഭാഗുമാകാൻ താൻ അവിടേക്ക് പോകാൻ തയ്യാറെടുക്കുന്നതായും അദ്ദേഹം അറിയിച്ചു.

